# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.21 No.10 കാർത്തികപ്പള്ളി R.No. 7361/02 2021 OCTOBER

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## ലിഫ്റ്റിലെ വെള്ളപ്പൊക്കം

അമേരിക്കയിലെ നെബ്രസ്ക നഗരത്തിലെ ഒമാഹയിൽ പെയ്ത മഴയിൽ പണികിട്ടിയത് ടോണി ലൂവിനും കൂട്ടുകാർക്കുമാണ്. പുറത്തു മഴയൊക്കെ



പെയ്യുവല്ലേ കാര്യങ്ങളെങ്ങനെയുണ്ടെന്ന് ഒന്നു അന്വേഷിക്കാമെന്നു കരുതിയാണ് ലൂവും കൂട്ടുകാരും ഫ്ളാറ്റിലെ ലിഫ്റ്റിൽ കയറിയത്.

ലിഫ്റ്റിൽ കയറി താഴേക്കു പോകാനായി സ്വിച്ചൊക്കെ അമർത്തി അങ്ങനെ നിൽക്കുമ്പോഴാണ് അതു ശ്രദ്ധിച്ചത്. ലിഫ്റ്റ് താഴത്തെ നിലകളിലേക്ക് എത്തുന്തോറും ലിഫ്റ്റിലെ വിടവുകളിലൂടെ വെള്ളം കയറി വരുന്നു. ആദ്യം അത് അത്ര കാര്യമാക്കിയില്ല. കണങ്കാൽ വരെയൊക്കെ വെള്ളം കയറൂ എന്നായിരുന്നു ഇവരുടെ ധാരണ. പക്ഷേ, അതൊക്കെ പെട്ടെന്നുതന്നെ തീർന്നു. ഭയം കൂടിക്കൂടി വന്നു. കാരണം വെള്ളം ഉയർന്നുകൊണ്ടിരിക്കുകയായിരുന്നു. വെള്ളം ഉയർന്ന് ലിഫ്റ്റിലുള്ളവരുടെ അരഭാഗം വരെയെത്തി. അതോടെയാണ് അവർക്കു സംഭവിക്കുന്നതു യാഥാർത്ഥ്യമാണെന്നും തങ്ങൾ ലിഫ്റ്റിൽ കുടുങ്ങിയെന്നും ഉറപ്പായത്.

താനും കൂട്ടാളികളും കഴുത്തൊപ്പം വെള്ളത്തിൽ മുങ്ങിനിൽക്കുന്നതിന്റെ ദൃശ്യങ്ങൾ ലൂ ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ചിരുന്നു. എബിസി 13-ന്റെ റിപ്പോർട്ട് അനുസരിച്ച് രാത്രി 10 മണിയോടെയാണ് ഇവർ ലിഫ്റ്റിൽ കയറിയത്. സ്ഥിതി പെട്ടെന്നു വഷളാവുകയായിരുന്നു. ലൂയും കൂട്ടുകാരും 911-ലേക്കു സഹായത്തിനായി വിളിച്ചു. സഹപ്രവർത്തകരോട് ഞാൻ ഇപ്പോൾ മരിക്കും വേഗം ഇറങ്ങിവരൂ എന്ന് അഭ്യർത്ഥിച്ചു. ഈ സമയത്ത് ലിഫ്റ്റിന്റെ ഒരു വശത്തുള്ളവർ ലിഫ്റ്റിൽ അകപ്പെട്ടവരോടൊപ്പം ചേർന്നു അതു തുറക്കാനുള്ള പരിശ്രമത്തിലായിരുന്നു. ഒടുവിൽ എങ്ങനെയോ രക്ഷപെട്ടു എന്ന് പറഞ്ഞാൽ മതിയല്ലോ.

## മരണവും ബയോസെൻട്രിസിസവും

മരണശേഷം എന്തു സംഭവിക്കുന്നു? ചിന്തിച്ചു തുടങ്ങിയപ്പോൾ മുതൽ മനുഷ്യൻ തേടുന്നതും ശാസ്ത്രത്തിന് വ്യക്തമായ ഉത്തരം ലഭിക്കാത്തതുമായ ചോദ്യമാണിത്. മരണം എന്നൊരു സംഗതിയേ ഇല്ലെന്നും നമ്മുടെ സ്വബോധത്തിന്റെ കളിയാണിതെന്നുമാണ് അമേരിക്കൻ ഗവേഷകനും ശാസ്ത്രജ്ഞനുമായ റോബർട്ട് ലാൻസ അഭിപ്രായപ്പെടുന്നത്. വേറൊരു മറ്റൊരു രൂപത്തിലേക്ക് ജീവൻ മാറുന്നുവെന്ന് മാത്രമേ മരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്നും ലാൻസയുടെ പുസ്തകം പറയുന്നു. സ്ഥലകാല ബോധത്തിൽ മരണത്തോടെ ഒരു തടസം നേരിടും. നമ്മുടെ സ്ഥലകാല ബോധമെന്ന ആശയത്തിന് പ്രകൃതിയുമായി നേരിട്ട് ബന്ധമൊന്നുമില്ലെന്നും അദ്ദേഹം ഓർമിപ്പിക്കുന്നുണ്ട്. അസ്റ്റെല്ലാസ് ഗ്ലോബൽ



പ്രപഞ്ചത്തിലേക്കുള്ള വാതിലാണ് മരണമെന്നു കൂടി അദ്ദേഹം ബയോസെൻട്രിസിസം എന്ന തന്റെ പുസ്തകത്തിൽ പറഞ്ഞുവെക്കുന്നു. ഭൗതികശാസ്ത്ര സാധ്യതകളെ ഉൾക്കൊള്ളുന്നതാണ് ബയോസെൻട്രിസിസം എന്ന ആശയമെന്നും ലാൻസ പുസ്തകത്തിൽ അഭിപ്രായപ്പെടുന്നു. സ്വബോധത്തിൽ ഭാഷ ഉപയോഗിക്കുന്നതുപോലെ സ്ഥലകാല ബോധമെന്നത് വിവിരശേഖരണത്തിനുള്ള ഉപാധിയാണെന്നാണ് ഹഫിങ്ടൺ പോസ്റ്റിന് നല്കിയ അഭിമുഖത്തിൽ ലാൻസ പറഞ്ഞത്. ഭൗതികശാസ്ത്ര നിയമപ്രകാരം തന്നെ ഊർജ്ജം സൃഷ്ടിക്കാനോ നശിപ്പിക്കാനോ സാധ്യമല്ല. മറിച്ച് രൂപമാറ്റം വരുത്തുക മാത്രമേ സാധ്യമാകൂ. അതുതന്നെയാണ് ഇവിടെ സംഭവിക്കുന്നതെന്നും ഒരു രൂപത്തിൽ നിന്നും റീജെനറേറ്റീവ് മെഡിസിനിലെ തലവനാണ് റോബർട്ട് ലാൻസ. മൂലകോശങ്ങളാണ് അദ്ദേഹത്തിന്റെ ഗവേഷണ വിഷയങ്ങളിലൊന്ന്. അസ്ട്രോഫിസിക്സിലും ക്വാണ്ടം മെക്കാനിക്സിലും ആഴത്തിലുള്ള അറിവും ലാൻസയ്ക്കുണ്ട്. ലോകത്തെ ഏറ്റവും സ്വാധിനമുള്ള 100 പേരുടെ ടൈം മാഗസിൻ പട്ടികയിലും ലോകത്തെ 50 പ്രധാന ചിന്തകരുടെ പ്രോസ്പെറ്റ് മാഗസിൻ പട്ടികയിലും റോബർട്ട് ലാൻസ ഇടം നേടിയിട്ടുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്തിന്റെ 2010-ലെ അവാർഡും റോബർട്ട് ലാൻസ അടങ്ങിയ ശാസ്ത്രജ്ഞരുടെ സംഘത്തിനായിരുന്നു. മരണവുമായി ബന്ധപ്പെട്ട നിരവധി കാഴ്ചപ്പാടുകളിലൊന്നാണ് റോബർട്ട് ലാൻസ അവതരിപ്പിച്ചിരിക്കുന്നത്.

## മരണപ്പറക്കൽ

ന്യൂജഴ്സി പാലത്തിനു മുകളിലേക്കൊരു വിമാനം താഴ്ന്നുവരുന്നതു കണ്ട് പലരും അമ്പരന്നു. ഉടൻ ഉയർന്നു പറക്കുമെന്നായിരുന്നു പലരും വിചാരിച്ചത്. എന്നാൽ, എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് ആ ചെറുവിമാനം പാലത്തിലേക്കു ലാൻഡ് ചെയ്തു. വാഹനത്തിരക്കുള്ള പാലത്തിൽ ആർക്കും ഒരു അപകടവും കൂടാതെ വിമാനം പറന്നിറങ്ങി. വിമാനത്തിന്റെ പൈലറ്റിനെ കണ്ടപ്പോൾ പലർക്കും വീണ്ടും ഞെട്ടൽ, ഒരു പതിനെട്ടുകാരൻ പയ്യൻ!



പാരാമൗണ്ട് എയർ സർവീസിനായി വിമാനം പറത്തുന്ന ലാൻഡൻ ലൂക്കോസാണ് ഓഷ്യൻ സിറ്റിക്കു മുകളിലൂടെ പറക്കുന്നതിനിടയിൽ അപകടം മണത്തത്. യന്ത്രത്തകരാർ മൂലം അധികനേരം വിമാനം പറക്കില്ലെന്നു ലൂക്കോസ് തിരിച്ചറിഞ്ഞു. എത്രയും വേഗം ലാൻഡിംഗിനായി റേഡിയോയിലൂടെ സഹായം അഭ്യർത്ഥിച്ചു. അടിയന്തര ലാൻഡിംഗ് നടത്തിയില്ലെങ്കിൽ വലിയ അപകടമുണ്ടാകും. ഓഷ്യൻ സിറ്റി മുനിസിപ്പൽ എയർപോർട്ടിൽ ഇറങ്ങാൻ അദ്ദേഹം പരമാവധി ശ്രമിച്ചു. എന്നാൽ, വിമാനം അവിടംവരെ എത്തില്ലെന്നു തോന്നിയതോടെ സാഹസികമായി പാലത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് നിലംതൊട്ടു

## നദിക്കൊപ്പം നീന്തിയ മനുഷ്യൻ




ആമസോൺ നദിയിലൂടെ 5,500-ലധികം കിലോമീറ്റർ നീന്തുക! വിഷപ്പാമ്പുകളും മുതലകളും ഒക്കെ താമസിക്കുന്ന നദിയാണെന്ന് ഓർക്കണം. സ്ലൊവേനിയൻ മാരത്തോൺ നീന്തൽക്കാരനായ മാർട്ടിൻ സ്ട്രെൽ (Martin Strel) ആണ് ഈ സാഹസിക നീന്തൽ നടത്തിയത്. ദിവസം അല്പനേരം മാത്രം വിശ്രമിച്ച് 66 ദിവസം കൊണ്ടാണ് മാർട്ടിൻ ആമസോൺ നദി നീന്തിയത്.

## ഉടമയെപ്പോലെ നടക്കുന്ന നായ

ബ്രിട്ടാനിക്ക് ഇപ്പോൾ ആറു വയസായി. ഇതിനിടയിൽ അവൾ അനുഭവിച്ച വേദനകൾ അൽപ്പം കഠിനമാണ്. ആദ്യം മുൻകാലുകളിൽ ഒന്നു നഷ്ടപ്പെട്ടു. പിന്നെ അഞ്ചു ശസ്ത്രക്രിയകൾ. അതിനിടയിൽ നടക്കാനും ഓടാനുമുള്ള പരിശീലനം പക്ഷേ, അവൾ തളർന്നില്ല. മൂന്നു കാലുകളുപയോഗിച്ച് നടന്നും ഓടിയും ലക്ഷക്കണക്കിന് ആരാധകരുള്ള താരമായിരിക്കുകയാണ് ബ്രിട്ടാനി.

അമേരിക്കയിലെ കൊളറാഡോയിലെ കെന്റിയുടെ അരുമയാണ് ബ്രിട്ടാനി എന്ന നായ. ഒരു ദിവസം ബ്രിട്ടാനിയെ ഒരു വാഹനമിടിച്ചു. അങ്ങനെയാണ് ബ്രിട്ടാനിയുടെ മുൻകാലുകളിൽ ഒന്നു നഷ്ടപ്പെടുന്നത്. പിന്നെ തുടരെത്തുടരെ അഞ്ച്



ശസ്ത്രക്രിയകൾക്ക് വിധേയമാകേണ്ടിവന്നു. തന്റെ കാൽ നഷ്ടപ്പെട്ടു എന്നു കരുതി ബ്രിട്ടാനി തളർന്നിരുന്നില്ല. ടീംഡോഗ്സ് റിപ്പോർട്ടു ചെയ്തതുപോലെ, ഉടമസ്ഥൻ കെന്റി പാസക് തന്റെ രണ്ട് കാലുകളിൽ നടന്നപ്പോൾ ബ്രിട്ടാനിയും അത് അനുകരിച്ചു. ഉടമയെപ്പോലെ നിൽക്കാനും നടക്കാനും തുടങ്ങി.

## ടോഫിയും സ്കൂട്ടറും

നല്ല സ്റ്റൈലൻ ബാഗ്, അതിനേക്കാൾ മനോഹരമായ ഒരു കുഞ്ഞൻ സ്കൂട്ടർ. അതിൽ ടൈയ്യൊക്കെ ധരിച്ച് ഒരാളങ്ങനെ ഗമയിൽ സഞ്ചരിക്കുകയാണ്. ആരാണെന്നല്ലെ, ടോയി പൂഡിൽ ഇനത്തിൽപ്പെട്ട ഒരു നായ.


ആൾ അത്ര നിസാരക്കാരക്കാരനൊന്നുമല്ല. ഇൻസ്റ്റഗ്രാമിൽ അമ്പത്തിയേഴായിരത്തിനു മുകളിലാണ് ഇവന്റെ ഫോളോവേഴ്സിന്റെ എണ്ണം. ഗമയിൽ സഞ്ചരിക്കുന്ന സ്കൂട്ടറും തേനീച്ചയെപ്പോലെയുള്ളതാണ്. സെൻട്രൽ ലണ്ടനിലെ തെരുവിലൂടെ സ്കൂട്ടറിലങ്ങനെ ചീറിപ്പാഞ്ഞു നടക്കുന്ന കുഞ്ഞു ടോഫിയെ കണ്ടവരാരും കാമറയിൽ ഒന്നു പകർത്താതിരുന്നില്ല. മുൻ കാലുകൾ ഉപയോഗിച്ചു സ്കൂട്ടർ നിയന്ത്രിക്കുകയും പിൻകാലിൽ സ്കൂട്ടറിൽ നിൽക്കുകയും ചെയ്യുന്ന ടോഫിയുടെ ദൃശ്യങ്ങൾ ഉടമസ്ഥനാണ് ആദ്യം സമൂഹമാധ്യമങ്ങളിൽ പങ്കുവച്ചത്. ഇതു കണ്ടതും നിരവധി പേരാണ് അമ്പരന്ന് ഇത് അത്ഭുതം തന്നെ എന്നുപറഞ്ഞ് കമന്റ് ചെയ്തിരിക്കുന്നത്.




| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | എബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ - Rs. 250 മറ്റ് രാജ്യങ്ങൾ - Rs. 2000 | വേദാഭിമാനി, കേരള 690516 |



# അനുഗ്രഹം: വഴിയും തടസ്സവും



ഭൗതികമായ ഒരു മനസ്സോടെ ആത്മീയ കാര്യങ്ങൾ അന്വേഷിക്കുന്നതാണ് ഇന്നു ക്രിസ്തീയലോകത്തെ ഏറ്റവും വലിയ തകരാറ്. ഫലം ആത്മീയമായ പല പ്രയോഗങ്ങളുടെയും വാക്കുകളുടെയും അർത്ഥം ഇന്നത്തെ വിശ്വാസിക്കു മനസ്സിലാകുന്നില്ല. അല്ലെങ്കിൽ തെറ്റിദ്ധരിച്ചിരിക്കുന്നു.

ഉദാഹരണത്തിന് 'അനുഗ്രഹം' എന്ന പദം എടുക്കുക. ഇന്നത്തെ വിശ്വാസിക്ക് 'അനുഗ്രഹം' എന്നാൽ എന്താണ്? സമ്പത്ത്, ആരോഗ്യം, സൗകര്യങ്ങൾ തുടങ്ങിയവ ധാരാളമായി കൈയ്യാളാൻ അവസരം ലഭിക്കുന്നതിനെയാണ് 'ദൈവം അനുഗ്രഹിച്ചിരിക്കുന്നു' എന്നതിന്റെ തെളിവായി അവർ അടയാളപ്പെടുത്തുന്നത്.

പഴയനിയമത്തിൽ ഇതു ശരിയായിരിക്കാം. എന്നാൽ പുതിയ നിയമത്തിലേക്കു വരുമ്പോഴോ?

ബൈബിളിൽ 12 കാര്യങ്ങളെയോ വ്യക്തികളെയോ ദൈവം നേരിട്ട് അനുഗ്രഹിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത് നമുക്കു കാണാം. ഇതിൽ, ജലജന്തുക്കൾ (ഉല്പത്തി 1:22), മനുഷ്യൻ (ഉല്പ.1:28, 5:2), ഏഴാ ദിവസം (ഉല്പ.2:3), നോഹയും മക്കളും (ഉല്പ.9:1), യിശ്മായേൽ (ഉല്പ.17:20), അബ്രഹാം (ഉല്പ.24:1,35), യിസഹാക്ക് (ഉല്പ.25:11, 26:12), യാക്കോബ് (ഉല്പ.35:9), മിസ്രയീമ്യനായ പോത്തീഫർ (ഉല്പ.39:5), യിസ്രായേൽ (ആവ.7:14, 12:7, 14:24, 15:14, 16:10), ഓബേദ്-ഏദോം (2 ശമു.6:11-18) എന്നിങ്ങനെ പതിനൊന്നും പഴയനിയമത്തിലാണ്. ഇവിടെയെല്ലാം നൽകുന്ന അനുഗ്രഹങ്ങൾ ഭൗതിക അനുഗ്രഹങ്ങളാണുതാനും. എന്നാൽ പന്ത്രണ്ടാമതായി, പുതിയനിയമത്തിൽ എഫേസ്യർ 1:3-ൽ മാത്രമാണ് 'ദൈവം അനുഗ്രഹിച്ചിരിക്കുന്നു' എന്നു രേഖപ്പെടുത്തിയിരിക്കുന്നത്. അതാകട്ടെ, ആത്മീകാനുഗ്രഹമാണെന്നു വ്യക്തമായി എഴുതിയിരിക്കുന്നു ('സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്നു...').



ഭൗതികതയിൽ മനസ്സു വച്ചിരിക്കുന്ന ശരാശരി ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ആത്മീകാനുഗ്രഹങ്ങളെക്കാൾ അവനു താൽപര്യം പണവും, സമ്പത്തും, ശത്രുസംഹാരവും, ദീർഘായുസ്സും മറ്റും ഉറപ്പു നൽകുന്ന പഴയ ഉടമ്പടിയുടെ ഭൗതികാനുഗ്രഹങ്ങളിലാണ്. അവന്റെ ഈ ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തുന്നതായിരുന്നു 'സമൃദ്ധിയുടെ സുവിശേഷം' എന്നതുകൊണ്ട് പടിഞ്ഞാറുനിന്ന് ആ ഉപദേശം വന്നപ്പോൾ അവൻ അതു രണ്ടു കൈയ്യും നീട്ടി സ്വീകരിച്ചതിൽ എന്തത്ഭുതം? നാം എന്താഗ്രഹിക്കുന്നുവോ അതിനു യോജിച്ച ഉപദേശം നമുക്കു ലഭിക്കും എന്നത് എത്ര സത്യമാണ്!

പഴയ ഉടമ്പടിയിലെ ഭൗതികതലത്തിലെ അനുഗ്രഹങ്ങളിലാണു ശരാശരി ക്രിസ്ത്യാനിക്കു താല്പര്യം എന്നതുകൊണ്ട് ആ അനുഗ്രഹം പുതിയനിയമ വിശ്വാസിക്കും പ്രസക്തമാക്കാൻ വേണ്ടി സമൃദ്ധിയുടെ പ്രവാചകന്മാർ അബ്രഹാമിന്റെ അനുഗ്രഹത്തെക്കുറിച്ച് പറയുവാൻ ആരംഭിച്ചു. 'അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്കു വരേണ്ടതിന്' എന്ന ഗലാത്യർ 3:14 പ്രയോഗമാണ് അതിന് ഉപോദ്ബലകമായി അവർ വ്യാപകമായി ഉപയോഗിച്ചത്. അബ്രഹാം അതിസമ്പന്നനായിരുന്നു. അവന് ആടുമാടുകളും ദാസീദാസന്മാരും ധാരാളം ഉണ്ടായിരുന്നു. അബ്രഹാമിന്റെ ഈ അനുഗ്രഹം പുതിയനിയമ വിശ്വാസിക്കു ലഭ്യമാകാൻ വേണ്ടിയാണ് ക്രിസ്തു നമുക്കുവേണ്ടി ശാപമായി തീർന്നത് എന്നിങ്ങനെ ഈ വാക്യത്തെ വ്യാഖ്യാനിച്ചപ്പോൾ ഭൗതികാനുഗ്രഹത്തിൽ മാത്രം കണ്ണുവച്ച വിശ്വാസികൾക്കും താല്പര്യമായി-അബ്രഹാമിന്റെ 'അനുഗ്രഹ'ത്തിലൂടെ ഭൗതികസമൃദ്ധി തങ്ങൾക്കും കൈയ്യാളാമല്ലോ. ഒപ്പം വചനത്തെ ഈ നിലയിൽ വ്യാഖ്യാനിച്ച സമൃദ്ധിയുടെ സുവിശേഷവും അവർക്കു പ്രിയപ്പെട്ടതായി. വാസ്തവത്തിൽ കർണ്ണരസമാകുമാറ് സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം അവർ ഉപദേഷ്ടാക്കന്മാരെ സ്വീകരിക്കുകയല്ലേ ചെയ്തത്? (1 തിമൊ.4:3).

എന്നാൽ ഗലാത്യർ 3:14ന്റെ അവസാനഭാഗം കൂടി വായിച്ചാൽ അവിടെയും പറഞ്ഞിരിക്കുന്നത് ആത്മാവിനെയും ആത്മീകാനുഗ്രഹത്തെയും കുറിച്ചാണെന്നു വ്യക്തമാകും- 'അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്കു വരേണ്ടതിനു നാം ആത്മാവെന്ന വാഗ്ദത്തവിഷയം പ്രാപിപ്പാൻ തന്നെ.' സ്വയം അനുഗ്രഹ വിഷയമായിരിക്കുകയും അനുഗ്രഹം മറ്റുള്ളവരിലേക്കു പകരുകയും ചെയ്യുക (ഉല്പ.12:2) എന്ന അബ്രഹാമിനു ലഭിച്ച വിളി ക്രിസ്തുവിലൂടെ പുതിയനിയമ വിശ്വാസികളായ നമുക്കു ലഭ്യമാണ്. എന്നാൽ ആ അനുഗ്രഹം ഇന്ന് ഏതു തലത്തിലാണു നമുക്കു പ്രസക്തമായിരിക്കുന്നതെന്നു വ്യക്തതയില്ലാതെ നാം അബ്രഹാമിനെപ്പോലെ അതിസമ്പന്നരാകാൻ വേണ്ടിയാണു വിളിക്കപ്പെട്ടിരിക്കുന്നതെന്നും ഭൗതികാനുഗ്രഹമാണ് ദൈവപ്രസാദത്തിന്റെ തെളിവെന്നുമൊക്കെ ലളിതവൽക്കരിച്ചു വ്യാഖ്യാനിക്കുമ്പോൾ നാം നമ്മെക്കുറിച്ചുള്ള ദൈവഹിതത്തിന്റെ എതിർ ധ്രുവത്തിലാണ് എത്തിച്ചേരുക.

പുതിയനിയമവിശ്വാസിക്കുള്ള ആത്മികാനുഗ്രഹത്തെക്കുറിച്ചു പറയുന്ന രണ്ടു വാക്യങ്ങളിലും (എഫേസ്യ 1:3; ഗലാത്യ. 3:14) അനുഗ്രഹം 'ക്രിസ്തുവിൽ' ആണെന്നു വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. നമ്മുടെ യഥാർത്ഥ അനുഗ്രഹം ക്രിസ്തുവിലാണ്. അവിടുന്നു തന്നെയാണ് നമ്മുടെ മുഴുവൻ അനുഗ്രഹവും. ക്രിസ്തുവിനോട് അടുത്തുവരുമ്പോൾ നാം യഥാർത്ഥ അനുഗ്രഹത്തോട് അടുത്തുവരികയാണ്. അങ്ങനെയെങ്കിൽ ഈ അനുഗ്രഹത്തോട് അടുത്തുവരാൻ നമുക്കുള്ള പ്രധാനപ്രതിബന്ധം എന്താണ്? യെശയ്യാവ് 59:2-ൽ അതു തെളിമയോടെ ഇങ്ങനെ പറഞ്ഞിരിക്കുന്നു 'നിങ്ങളുടെ അകൃത്യങ്ങൾ അത്രെ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ പാപങ്ങൾ അത്രെ അവൻ കേൾക്കാതെവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറെക്കുമാറാക്കിയത്'. ആസഫ്, 73-ാം സങ്കീർത്തനത്തിൽ 27, 28 വാക്യത്തിൽ രണ്ടു കൂട്ടരെക്കുറിച്ച് പറയുന്നു. ഒന്ന്: ദൈവത്തോട് അകന്നിരിക്കുന്നവർ. രണ്ട്: ദൈവത്തോട് അടുത്തിരിക്കുന്നവർ. എന്നാൽ 'ദൈവത്തോട് അകന്നിരിക്കുന്നവർ നശിച്ചുപോകും' എന്നും യഥാർത്ഥ അനുഗ്രഹം ദൈവത്തോട് അടുത്തിരിക്കുന്നതാണെന്നും മനസ്സിലാക്കിയ ആസാഫ് ഒടുവിൽ തന്റെ തീരുമാനം പ്രഖ്യാപിക്കുന്നു: 'എന്നാൽ ദൈവത്തോട് അടുത്തിരിക്കുന്നത് എനിക്കു നല്ലത്'. ആസാഫിന്റെ ഈ തീരുമാനമാണ് ഇന്നു നമുക്കാവശ്യം.

അനുഗ്രഹത്തെ ഭൗതികതലത്തിൽ മാത്രം അടയാളപ്പെടുത്തുന്ന, യഥാർത്ഥ അനുഗ്രഹത്തിലേക്കുള്ള വഴി തിരിച്ചറിയാത്ത, സമകാലിക ക്രിസ്തീയത ഇന്നു ദൈവഹിത്തിൽ നിന്ന് എത്ര അകലെയാണ്!



# അനുസരണവും അനുഗ്രഹവും



മരുഭൂമിയിൽ യേശു പരീക്ഷിക്കപ്പെട്ടപ്പോൾ ആത്മാവിന്റെ വാളായ ദൈവവചനം ഉപയോഗിച്ചാണ് ഓരോ തവണയും സാത്താനെ ജയിച്ചിരുന്നത്. സാത്താനുമായി ഒരു തർക്കത്തിനോ ചർച്ചയ്ക്കോ അവിടുന്ന് തുനിഞ്ഞില്ല. സാത്താൻ എന്തു പറഞ്ഞാലും യേശുവിനു ഒരു ഒറ്റ ഉത്തരമേ ഉണ്ടായിരുന്നുള്ളൂ "എന്ന് എഴുതിയിരിക്കുന്നുവല്ലോ". മൂന്നു പരീക്ഷകളുടെ സമയത്തും പഴയനിയമത്തിലെ രണ്ട് അദ്ധ്യായങ്ങളിൽ നിന്നുള്ള ചില വാക്യങ്ങൾ ഉദ്ധരിക്കുക മാത്രമാണ് യേശു ചെയ്തത്. ആവർത്തനം 8:3 ആയിരുന്നു ആദ്യം. "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, യഹോവയുടെ വായിൽനിന്നു പുറപ്പെടുന്ന സകല വചനം കൊണ്ടു ജീവിക്കുന്നു". മറ്റു രണ്ടു ഉദ്ധരണികൾ ആവർത്തനം 6:16-ൽ നിന്നുള്ള "നിങ്ങളുടെ ദൈവമായ യഹോവയെ പരീക്ഷിക്കരുത്". 6:13-ൽ നിന്നുള്ള "നിന്റെ ദൈവമായ യഹോവയെ ഭയപ്പെട്ട് അവനെ സേവിക്കണം" എന്നിവയാണ്.



ജീവിതത്തിൽ നാം നേരിടുന്ന എല്ലാ പ്രലോഭനങ്ങൾക്കും പ്രശ്നങ്ങൾക്കും ഉള്ള ഉത്തരം ദൈവവചനത്തിലുണ്ട്. എന്നാൽ അത് എവിടെയാണെന്നു കണ്ടെത്തണമെന്നു മാത്രം. ദൈവവചനത്തിൽ ഉത്തരമില്ലാത്ത ഒരു പ്രശ്നവും എന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. അതുകൊണ്ടാണ് എല്ലാ വിശ്വാസികളും ദൈവവചനം പഠിക്കുന്നവരാകണമെന്നു ഞാൻ ഉത്സാഹിപ്പിക്കുന്നത്. ജീവിതത്തിൽ വലിയ പ്രശ്നങ്ങളുടെ നദിയും പർവ്വതവും കടക്കേണ്ടിവരുമ്പോൾ നിങ്ങൾ പഠിച്ച ദൈവവചനം നിങ്ങളെ സഹായിക്കും. ദാവീദ് പറയുന്നു "എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും" (സങ്കീ.18:29). നമ്മുടെ മാർഗ്ഗത്തിൽ ഒരു തടസ്സവും ഉണ്ടാകുകയില്ല. താൻ നേരിട്ട എല്ലാ പ്രലോഭനങ്ങൾക്കും യേശുവിന് ഉത്തരമുണ്ടായിരുന്നു. അതുകൊണ്ട് സാത്താന് ജയിക്കുവാൻ കഴിഞ്ഞില്ല.

ആവർത്തനപുസ്തകം 8:11-17 വരെയുള്ള വാക്യങ്ങളിൽ മോശെ യിസ്രായേൽ മക്കൾക്ക് മുന്നറിയിപ്പു നല്കുന്നു. "നിന്റെ ദൈവമായ യഹോവയെ നീ മറക്കാതിരിക്കുവാനും ഞാൻ ഇന്നു നിന്നോടു കല്പിക്കുന്ന അവന്റെ കല്പനകളും വിധികളും ചട്ടങ്ങളും അലക്ഷ്യമാക്കാതിരിക്കുവാനും നീ ഭക്ഷിച്ചു തൃപ്തനായി നല്ല വീടുകൾ പണിത് അവയിൽ പാർക്കുമ്പോഴും നിന്റെ ആടുമാടുകൾ പെരുകി നിനക്കു വെള്ളിയും പൊന്നും ഏറി നിനക്കുള്ളതൊക്കെയും വർദ്ധിക്കുമ്പോഴും നിന്റെ ഹൃദയം നിഗളിക്കാതിരിക്കുവാനും നിന്നെ അടിമവീടായ മിസ്രയീമിൽ നിന്നു പുറപ്പെടുവിക്കയും അഗ്നിസർപ്പവും തേളും വെള്ളവുമില്ലാത്ത വരൾച്ചയുമുള്ള വലിയതും ഭയങ്കരവുമായ മരുഭൂമിയിൽക്കൂടി നിന്നെ കൊണ്ടുവരികയും തീക്കൽപാറയിൽ നിന്നു നിനക്കു വെള്ളം പുറപ്പെടുവിക്കയും... ചെയ്ത യഹോവയെ മറന്ന്... പറയാതിരിപ്പാനും സൂക്ഷിച്ചുകൊള്ളേണം".

മരുഭൂമിയുടെ അവസ്ഥ ദൈവത്തെക്കുറിച്ചു ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. അല്ലെങ്കിൽ നാം അനുഗ്രഹിക്കപ്പെട്ടിരിക്കുന്ന സന്ദർഭങ്ങളെക്കാൾ പോരാട്ടത്തിൽ ഇരിക്കുമ്പോഴാണ് ദൈവത്തെക്കുറിച്ചു കൂടുതൽ ചിന്തിക്കുന്നത്. നോഹയ്ക്കു താൻ പെട്ടകം പണിതുകൊണ്ടിരുന്ന സമയത്ത് വളരെ തിരക്കുണ്ടായതിനാൽ മദ്യപിക്കുവാൻ സമയം കിട്ടിയില്ല. എന്നാൽ ജയാളിയായി പെട്ടകത്തിനു പുറത്തുവന്നതിനു ശേഷമാണ് താൻ പാപം ചെയ്തത്.

ശൗലിൽനിന്നു രക്ഷപെടാൻ ഗുഹകളിൽ നിന്നു ഗുഹകളിലേക്കു ഓടിക്കൊണ്ടിരിക്കുന്ന ദാവീദ് ദൈവത്തോടു വളരെ അടുത്തു നിന്നിരുന്നു എന്നു മാത്രമല്ല ആ സമയത്ത് അത്ഭുതകരമായ പല സങ്കീർത്തനങ്ങൾ രചിക്കുകയും ചെയ്തു. എന്നാൽ ധാരാളം പണവും സുഖസൗകര്യങ്ങളും ഉണ്ടാവുകയും യുദ്ധത്തിനു പോലും പോകേണ്ട ആവശ്യം ഇല്ലാതെ വരികയും ചെയ്ത സന്ദർഭത്തിലാണ് ദാവീദ് ബെത്ശേബയോടൊപ്പം പാപം ചെയ്തത്. ആ ദിവസം അവൻ യുദ്ധത്തിനു പോയിരുന്നെങ്കിൽ അവൻ ബെത്ശേബയെ കാണുകപോലുമില്ലായിരുന്നു (2 ശമു.11:1).

സമ്പത്തും സുഖസൗകര്യങ്ങളും ശലോമോനെ പാപം ചെയ്യുവാൻ പ്രേരിപ്പിച്ചു.

എന്നാണ് യിസ്രയേൽ വിഗ്രഹാരാധന തുടങ്ങിയത്? സ്വർണ്ണ കാളക്കുട്ടിയെ ഉണ്ടാക്കിയ ഒരു സന്ദർഭം ഒഴിച്ചാൽ അവർ മരുഭൂമിയിലായിരുന്ന 40 വർഷവും വിഗ്രഹങ്ങളെ ആരാധിച്ചില്ല. എന്നാൽ കനാനിൽ എത്തി അധികം താമസിയാതെ അവർ വിഗ്രഹങ്ങളെ ആരാധിച്ചു തുടങ്ങി.

സമ്പത്തു ധാരാളം ഉള്ളപ്പോൾ നാം അപകടത്തിലാണ്. അതിനർത്ഥം നമുക്കു

*ശേഷം പേജ് 4*




## കുതിരയുടെ ആഗ്രഹം

കരുത്തും കാണാൻ ഭംഗിയുമുള്ള കുതിരയ്ക്ക് തന്റെ സൗന്ദര്യം ഇനിയും കൂട്ടണമെന്ന് അതിയായ ആഗ്രഹം തോന്നി. മറ്റുള്ളവർ തന്നെക്കണ്ടാൽ അസൂയ തോന്നുംവിധം അഴകുള്ള ശരീരമാകണം.

അങ്ങനെ കുതിര ദൈവത്തെ പ്രാർത്ഥിക്കാൻ തുടങ്ങി. കുറേക്കഴിഞ്ഞപ്പോൾ ദൈവം പ്രത്യക്ഷപ്പെട്ടു. "ദൈവമേ, മറ്റു കുതിരകളെക്കാൾ എനിക്ക് കുറച്ചുകൂടി സൗന്ദര്യവും കരുത്തും തരണം. എന്നെക്കണ്ടാൽ എല്ലാവരും അസൂയയോടെ നോക്കണം".

"ശരി, എന്തു മാറ്റമാണ് ഞാൻ വരുത്തേണ്ടത്?" -ദൈവം ചോദിച്ചു.

"അങ്ങിത് നോക്കൂ, എന്റെ കഴുത്തിന് കുറച്ചുകൂടി നീളമുണ്ടായിരുന്നെങ്കിൽ നല്ല രസമായേനെ. പിന്നെ, കാലുകൾക്ക് കുറച്ചുകൂടി നീളം കിട്ടിയാൽ മറ്റുള്ളവരെക്കാൾ ഉയരത്തിൽ തലയുയർത്തി നടക്കാം" -കുതിര തന്റെ ആഗ്രഹം ദൈവത്തോടു പറഞ്ഞു.

"ശരി, അങ്ങനെയാകട്ടെ!" -ദൈവം കുതിരയെ അനുഗ്രഹിച്ചു.

കുതിരയ്ക്ക് സന്തോഷമായി. അവൻ വേഗം കാട്ടരുവിയിലേക്കു പോയി. അരുവിയിലെ വെള്ളത്തിൽ തന്റെ രൂപം കണ്ടതും കുതിര ഞെട്ടിപ്പോയി. കഴുത്തും കാലുകളും നീണ്ട് ഒട്ടകത്തെപ്പോലെയായിരിക്കുന്നു.

കുതിരയ്ക്ക് ആകെ സങ്കടമായി. അവൻ വീണ്ടും ദൈവത്തെ പ്രാർത്ഥിച്ചു. ദൈവം പ്രത്യക്ഷപ്പെട്ടപ്പോൾ കുതിര പറഞ്ഞു: "ദൈവമേ ഇത് വലിയ ചതിയായിപ്പോയി. ഞാനിപ്പോൾ ഒരു ഒട്ടകത്തെപ്പോലുണ്ട്".



ഇതുകേട്ട് ദൈവം പറഞ്ഞു: "നീ ആവശ്യപ്പെട്ടതുപോലെയാണ് ഞാൻ രൂപമാറ്റം വരുത്തിയത്".

കുതിര പറഞ്ഞു: "വേണ്ട വേണ്ട, എനിക്ക് ഒട്ടകമാകേണ്ട. എനിക്ക് പഴയതുപോലെ കുതിരയായാൽ മതി. കാണാനൊരു ഭംഗിയുമില്ലാത്ത ഒട്ടകത്തെപ്പോലെ ആകേണ്ട".

ഇതുകേട്ട് ദൈവം പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "ഭൂമിയിലെ ഓരോ ജീവിയെയും ഞാൻ നല്ല ഭംഗിയോടെയും പ്രത്യേകം കഴിവോടെയുമാണ് സൃഷ്ടിച്ചിരിക്കുന്നത്. ആ ഭംഗി പോരാഞ്ഞിട്ട് ശരീരത്തിൽ കൂടുതൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയാൽ ഉള്ള ഭംഗികൂടി നഷ്ടമാവുകയാണ് ചെയ്യുക. ഒട്ടകത്തിനും അതിന്റേതായ കഴിവുണ്ട്. നിനക്കു പറ്റാത്ത പലതും ചെയ്യാൻ ഒട്ടകത്തിനു കഴിയും. അതുകൊണ്ട് സ്വന്തം കഴിവിലും സൗന്ദര്യത്തിലും സന്തോഷം കണ്ടെത്തുന്നതോടൊപ്പം മറ്റുള്ളവർക്കും അവരുടേതായ കഴിവും സൗന്ദര്യവുമുണ്ടെന്ന് തിരിച്ചറിയുക".

കുതിരയുടെ ആവശ്യപ്രകാരം ദൈവം അതിന് പഴയ രൂപം തിരികെക്കൊടുത്തു. കുതിര സന്തോഷത്തോടെ മടങ്ങിപ്പോയി.




| | |
|---|---|
| Heavy rain<br>**Big rain** | Fast Car<br>**Quick Car** |
| Strong breath<br>**Deep breath** | Beautiful man<br>**Handsome man** |

ചില വാക്കുകൾ ചില വാക്കുകളോട് മാത്രമാണ് കമ്പനി. അവർ ചങ്ക് ബ്രോസ് ആണല്ലോ. അർഥം വെച്ച് നോക്കുമ്പോൾ ഒരുപോലെയാണെങ്കിലും We don't say, 'powerful tea' instead of 'strong tea'. Though all these word grops are grammatically correct and have similar meanings, only some word groups sound natural and better. They habitually appear together and sound better.

ഇത്തരത്തിൽ സ്വാഭാവികമായി ചില വാക്കുകൾ തമ്മിൽ ഒരു സവിശേഷ ബന്ധം/ ചേർച്ച രൂപപ്പെടുകയും, അവ ധാരാളമായി ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. ഇംഗ്ലീഷിൽ ഇതിനെ Collection എന്നാണ് പറയുക. ഉദാഹരണത്തിന്, നമ്മൾ പല്ല് വൃത്തിയാക്കുക എന്ന് പറയുന്നത് ശരിയാണെങ്കിലും സ്വാഭാവികത 'പല്ല് തേക്കുക' എന്ന് പറയുന്നതിനല്ലേ?

## ചന്ദ്രനിൽ കുടുങ്ങിയാൽ

വർഷം 1969. അമേരിക്കൻ പ്രസിഡന്റിനു വേണ്ടി പ്രസംഗങ്ങൾ തയ്യാറാക്കുന്ന വില്യം സഫയറിന് മുന്നിൽ വിചിത്രമായ ആവശ്യവുമായി നാസയുടെ പ്രതിനിധി എത്തി.

"അപ്പോളോ 11 പേടകത്തിൽ ചന്ദ്രനിലിറങ്ങിയ മനുഷ്യർ തിരികെ വരാൻ പറ്റാതെ ചന്ദ്രനിൽ കുടുങ്ങിപ്പോയെന്നു കരുതുക. അത് രാജ്യത്തെ അറിയിക്കുന്നതിനായി പ്രസിഡന്റിനു വേണ്ടി ഒരു പ്രസംഗം തയ്യാറാക്കണം".



ആവശ്യം കേട്ട വില്യം സഫയർ ഞെട്ടി. കാരണം അപ്പോളോ 11 ഭൂമിയിൽ നിന്ന് യാത്ര തുടങ്ങാൻ ഇനിയും ഒരു മാസം കഴിയണം!

പക്ഷേ, അമേരിക്കൻ ബഹിരാകാശ ഗവേഷണകേന്ദ്രമായ നാസയിലെ ഗവേഷകർക്ക് ഒരു കാര്യം ഉറപ്പായിരുന്നു. വിജയിക്കാനുള്ളത്ര തന്നെ സാധ്യത ഈ ദൗത്യം പരാജയപ്പെടാനുമുണ്ട്!

ചന്ദ്രനിലിറങ്ങുന്ന പേടകം ശരിയായി പ്രവർത്തിച്ചില്ലെങ്കിൽ എന്തു ചെയ്യും? അത് പറന്നുയർന്നാൽതന്നെ ചന്ദ്രനെ ചുറ്റിക്കൊണ്ടിരിക്കുന്ന മാതൃപേടകത്തിനോട് കൃത്യമായി ചെന്നു ചേരുമെന്നും ഉറപ്പില്ല. ഇന്നത്തെ ഒരു മൊബൈൽ ഫോണിന്റെ ശേഷി പോലും ഇല്ലാത്ത കംപ്യൂട്ടറുകളായിരുന്നു അക്കാലത്ത് ചാന്ദ്രദൗത്യത്തിനായി ഉപയോഗിച്ചിരുന്നത്! ദൗത്യം പരാജയപ്പെടാൻ ഒട്ടേറെ കാരണങ്ങൾ!

ചന്ദ്രനിലിറങ്ങാൻ നിയോഗിക്കപ്പെട്ട നീൽ ആംസ്ട്രോങ്ങിനും എഡ്വിൻ ആൽഡ്രിനും ചന്ദ്രനിൽനിന്ന് പറന്നുയരാനാവില്ല എന്നുറപ്പാക്കിയാൽ അവരുമായുള്ള എല്ലാ സംസാരവും അവസാനിപ്പിക്കാനായിരുന്നു നാസയുടെ തീരുമാനം. അവരെ മരണത്തിന് വിട്ടുകൊടുക്കുക!

അന്നത്തെ അമേരിക്കൻ പ്രസിഡന്റ് റിച്ചാഡ് നിക്സൺ ചാന്ദ്ര യാത്രികരുടെ കുടുംബാംഗങ്ങളെ ഫോണിൽ വിളിച്ച് ആശ്വസിപ്പിക്കുക. അതിനുശേഷം ദുഃഖവാർത്ത രാജ്യത്തെ അറിയിക്കുക. ഇതായിരുന്നു പദ്ധതി.

പക്ഷേ, ഇതൊന്നും വേണ്ടിവന്നില്ല. ചാന്ദ്രയാത്രികർ സുരക്ഷിതരായി മടങ്ങിയെത്തി. മനുഷ്യർ ബഹിരാകാശ ഗവേഷണത്തിൽ വലിയൊരു കുതിച്ചുചാട്ടവും നടത്തി.

## മരങ്ങൾക്ക് മെയിൽ




മരങ്ങൾക്ക് ഇ-മെയിൽ അഡ്രസ്! ഓസ്ട്രേലിയയിലെ മെൽബൺ നഗരത്തിലെ അധികൃതർക്കാണ് ഏതാനും വർഷങ്ങൾക്കു മുൻപ് ഇങ്ങനെയൊരു ആശയമുദിച്ചത്. കുറേ മരങ്ങൾക്ക് ഇ-മെയിൽ വിലാസം കൊടുക്കുക! മരത്തെക്കുറിച്ച് നാട്ടുകാർക്ക് എന്തെങ്കിലും അറിയിക്കാനുണ്ടെങ്കിൽ ആ വിലാസത്തിലേക്ക് ഇ-മെയിൽ അയച്ചാൽ മതി! കൊമ്പ് ഒടിയാറായി, കായ്കൾ താഴെ വാഹനങ്ങൾക്കു മുകളിൽ വീഴുന്നു, ചില്ലകൾ കാൽനടയാത്രക്കാർക്ക് തടസ്സമുണ്ടാക്കുന്നു.... ഇങ്ങനെ എന്തു പ്രശ്നവും ഇ-മെയിലിൽ അയയ്ക്കാം. അധികൃതർ നടപടി സ്വീകരിക്കും.

എന്നാൽ സംഭവിച്ചതെന്താണെന്നോ? ആളുകൾ മരങ്ങൾക്ക് ചങ്ങാതിമാർക്കെന്നപോലെ കത്തുകളയയ്ക്കാൻ തുടങ്ങി! ഓസ്ട്രേലിയയ്ക്കു പുറത്തുനിന്നും മരങ്ങൾക്ക് മെയിൽ വന്നു!

## വജ്രം വേണോ വജ്രം!



അമേരിക്കയിലെ വജ്രഖനിയായ അർക്കനാസസ് സ്റ്റേറ്റ് പാർക്കിൽ നിശ്ചിത തുക നൽകി പൊതുജനങ്ങൾക്കും കയറാം. അവിടെ ദിവസം മുഴുവൻ തിരഞ്ഞ് വല്ല വജ്രവും കിട്ടിയാൽ അത് സ്വന്തമാക്കി മടങ്ങുകയും ചെയ്യാം!



# രണ്ടു ലോകങ്ങളിലും നേട്ടം






## ജീവസന്ദേശം

ടി. എം. വർഗ്ഗീസ് ഓതറ

“അവനിൽ വസിക്കുന്നു എന്ന് പറയുന്നവൻ അവൻ (യേശു) നടന്നതുപോലെ നടക്കേണ്ടുന്നതാകുന്നു” (1 യോഹ.2:6).

യേശുവിന്റെ ജീവിതമാണ് വിശ്വാസിയുടെ മാതൃക. മാതൃക നോക്കി കൃത്യമായി അനുഗമിക്കുവാൻ പ്രാപ്തനല്ലെങ്കിലും ക്രിസ്തീയ വിശ്വാസിയുടെ ദൃഷ്ടികൾ സദാ ആ മാതൃകയിൽ തന്നെയായിരിക്കണം. അവൻ യേശുവിനെ ശ്രദ്ധിച്ചു നോക്കുന്നു (എബ്രാ.12:2). തന്റെ മാതൃകയായ ക്രിസ്തുവിനെപ്പോലെ ജീവിതം ക്രമീകരിക്കുവാൻ എത്രയും അധികം അവൻ പരിശ്രമിക്കുന്നു.

ക്രിസ്ത്യാനിയുടെ ക്രിസ്ത്വനുകരണം എന്നുവച്ചാൽ എന്താണ്? ക്രിസ്തുവിലുള്ള നമ്മുടെ നീതീകരണത്തിന്റെയും തന്നോടുള്ള അദമ്യമായ സ്നേഹത്തിന്റെയും പരിണിതഫലമാണ് വിശുദ്ധീകരണവും അനുസരണവും. അനുസരണം കൂടാതെ വിശ്വാസിക്ക് ആന്തരിക ഉറപ്പ് ലഭ്യമാകയില്ല. “ഈ പ്രമാണം അനുസരിച്ചു നടക്കുന്ന ഏവർക്കും, വിശേഷാൽ ദൈവത്തിന്റെ യിസ്രായേലിനും സമാധാനവും കരുണയും ഉണ്ടാകട്ടെ” (ഗലാത്യർ 6:16). അശ്രദ്ധമായ ഒരു മാനസാന്തരം (ജീവിതക്രമം) ഒരിക്കലും ഒരു ക്രിസ്തീയ ജീവിതം ഉളവാക്കുകയില്ല. നിമിഷത്തിനുള്ളിൽ നടക്കുന്ന പരിശുദ്ധാത്മാവിന്റെ മുദ്രയെപ്പറ്റിയോ ആശ്വാസത്തെപ്പറ്റിയോ ആളുകൾ എന്തും പറയട്ടെ. വിശുദ്ധിയും അനുസരണവും ഇല്ലെങ്കിൽ ഇത്തരം വാക്കുകൾ വ്യർത്ഥമാണ്. എന്തെല്ലാം മിഥ്യാധാരണകൾ തകർക്കപ്പെടേണ്ടിവന്നാലും യഥാർത്ഥ സമാധാനവും ആശ്വാസവും യേശുവിനെ അനുഗമിക്കുന്നതിലൂടെ മാത്രമേ ലഭ്യമാകൂ എന്ന് എനിക്കുറപ്പുണ്ട്. നീതിയുടെ ഫലം സമാധാനമായിരിക്കും. നീതിയുടെ ഫലം നിത്യമായ സ്വസ്ഥതയും ഉറപ്പുമായിരിക്കും. നമ്മുടെ വിശുദ്ധികൊണ്ട് കൈവരുന്നതല്ല ഈ വിധത്തിലുള്ള ജീവിതം. എന്നാൽ യേശുവിനെ അനുഗമിക്കുന്നതിലൂടെ ലഭ്യമായ വിശുദ്ധിയുടെ വഴിയിൽ മാത്രമേ ഈ അനുഭവം സാദ്ധ്യമാകൂ.



ക്രിസ്തുവിന്റെ സ്വയത്യാഗമാണ് ക്രിസ്ത്യാനികൾക്കുള്ള മാതൃക. യേശുക്രിസ്തുവിനോട് അനുരൂപരാകുക എന്നത് അവരുടെ ഒഴിച്ചുകൂടാനാവാത്ത കർത്തവ്യമാണു താനും.നമ്മുടെ കർത്താവായ യേശു സമ്പന്നനായിരുന്നിട്ടും തന്റെ ദാരിദ്ര്യത്താൽ നാം സമ്പന്നർ ആകേണ്ടതിന് നാം നിമിത്തം ദരിദ്രനായിത്തീർന്ന ദൈവകൃപ നിങ്ങൾ അറിയുന്നുവല്ലോ?” (2 കൊരി.8:9). അവിടുന്ന് പിതാവിന്റെ മഹത്വത്തിനായി സ്വന്തജനത്തോടുള്ള സ്നേഹം നിമിത്തം ഈ ലോകത്തിന്റെ എല്ലാ മോഹങ്ങളും സന്തോഷങ്ങളും സ്വയം നിഷേധിച്ചു. എന്നാൽ ക്രിസ്തുവിന്റെ സ്വയനിഷേധത്തിന്റെ പ്രാഥമികപടി മാത്രമായിരുന്നു അത്. പിതാവിന്റെ സന്നിധിയിലെ നിത്യപ്രമോദങ്ങൾ സ്വയം നിഷേധിച്ച് നമുക്കുവേണ്ടി ദൈവക്രോധത്തിന്റെ പാനപാത്രം കുടിച്ച ദൈവപുത്രൻ എന്താണ് ഇനി ത്യജിക്കാനുള്ളത്? ക്രിസ്തീയവിശ്വാസികളേ, നിങ്ങളുടെ മാതൃകാ പുരുഷനെ ശ്രദ്ധിക്കുകയും സ്വയം നിഷേധിച്ച ഈ രക്ഷകനെ അനുകരിക്കുകയും ചെയ്യുവിൻ.

നിങ്ങളുടെ പ്രാകൃതമായ ജീവിതത്തെ അവനായി നിഷേധിക്കുക. അവിടുത്തെ മഹത്വം പ്രാപിക്കുന്നതിന് തടസ്സമായിരിക്കുന്ന ജഡമോഹങ്ങളെ പകയ്കകുക. (ഫിലി.3:8) നിങ്ങളുടെ സ്വയനീതി എന്ന ധാർമ്മികവും മതപരവുമായ മേഖലകളെ ക്രിസ്തുവിനായി പരിത്യജിക്കുക. പാപകരമായ സ്വയജീവിതത്തെ പരിപൂർണ്ണമായും ഉപേക്ഷിക്കുക.

ക്ലേശകരമായ ഈ പ്രവൃത്തിയിൽ നിങ്ങൾക്ക് ഉത്സാഹം ലഭിക്കാൻ ക്രിസ്തു നിങ്ങൾക്കുവേണ്ടി എത്ര മഹത്തായ കാര്യങ്ങൾ നിഷേധിച്ചു എന്ന കാര്യം ധ്യാനിക്കുക. താരതമ്യേന എത്രയും ലഘുവായ കാര്യങ്ങൾ മാത്രമല്ലേ നിങ്ങൾക്ക് അവനുവേണ്ടി നിഷേധിക്കേണ്ടിവരുന്നുള്ളൂ? ഏറ്റവും പ്രയാസമേറിയ കല്പനകൾക്കെതിരേപോലും യാതൊരു ഒഴിവുകഴിവും പറയാതെ എത്ര ഉത്സാഹത്തോടെയായിരുന്നു അവിടുന്ന് നിനക്കായി സകലവും നിഷേധിച്ചത്! തന്റെ പൂർണ്ണമായ സ്വയത്യാഗത്തിലൂടെ നിന്റെ ഏറ്റവും പ്രിയങ്കരമായ ലൗകികതാല്പര്യങ്ങളെ അവനുവേണ്ടി ത്യജിക്കുവാൻ എത്ര ശക്തമായ ഒരു കടപ്പാടാണ് ക്രിസ്തു ഉളവാക്കിയിരിക്കുന്നത്!

നിങ്ങൾ എപ്പോഴെങ്കിലും യഥാർത്ഥമായി ക്രിസ്തുവിനെ സ്വീകരിച്ചിട്ടുണ്ടെങ്കിൽ സ്വയത്തെ നിഷേധിക്കുക എന്ന കാര്യം നിങ്ങൾ തന്നേ ഒരു വ്യവസ്ഥയായി അംഗീകരിച്ചുകഴിഞ്ഞതാണെന്ന സത്യം ഒരിക്കലും മറക്കാതിരിക്കാം. ഈ ലോകത്തിലും, വരുവാനുള്ള ലോകത്തിലും ഈ സ്വയത്യാഗം നിങ്ങൾക്കു നേട്ടം ഉണ്ടാക്കുന്ന കാര്യമാണെന്ന് ചിന്തിക്കുക (ലൂക്കോ.18:29-30). ആകയാൽ ഓരോരുത്തൻ സ്വന്തം താല്പര്യങ്ങളല്ല ക്രിസ്തുവിന്റെ താല്പര്യങ്ങൾ അന്വേഷിക്കട്ടെ.

---



# പരദൂഷണം

ദുഷ്ടതയും അഭക്തിയും നിറഞ്ഞ ഈ ലോകത്തിൽ കാണപ്പെടുന്ന വലിയ തിന്മകളിൽ ഒന്നാണിത്. തിരുവെഴുത്തുകൾ ഇതിനെപ്പറ്റി വളരെ വ്യക്തമായി സംസാരിക്കുന്നുണ്ടെങ്കിലും ഇതെത്ര ഭീകരമായ ഒരു ദോഷമെന്ന് ഭൂരിപക്ഷമാളുകളും മനസ്സിലാക്കുന്നില്ല.

പരദൂഷണം അഥവാ ഏഷണിയെന്ന ഈ പാപത്തെപ്പറ്റി ആളുകൾ സാധാരണ പറയാറുള്ള ഒരു കാര്യം ഇതാണ്: തങ്ങൾ സത്യമാണു പറയുന്നതെന്നു പ്രസ്താവിച്ചുകൊണ്ടാണ് അതിനെ ന്യായീകരിക്കുവാൻ ശ്രമിക്കുന്നത്. എന്താണ് പരദൂഷണം? ഒരുവന്റെ കുറ്റമെന്നു നാം കരുതുന്ന കാര്യം അയാളോടുതന്നെ പറയാതെ മൂന്നാമതൊരാളോടു പറയുന്നതാണ് പരദൂഷണം.



നിങ്ങളോടു തെറ്റുചെയ്ത ഒരുവൻ നിങ്ങൾ പറയുന്ന കാര്യം കേൾക്കാതെ വന്നാൽ മത്തായി 18:15-17 വാക്യങ്ങളിൽ കാണുന്നപ്രകാരം നിങ്ങൾ പ്രവർത്തിക്കണം. ദൈവത്തിന്റെ സഭയിൽ പാപം വാഴുവാൻ അനുവദിക്കരുത്.

“നിന്റെ ജനത്തിന്റെ ഇടയിൽ ഏഷണി പറഞ്ഞു നടക്കരുത്. കൂട്ടുകാരന്റെ മരണത്തിനായി നിഷ്കർഷിക്കരുത്” (ലേവ്യ 19:16).

“രക്തം ചൊരിയേണ്ടതിന് ഏഷണി പറയുന്നവർ നിങ്കൽ ഉണ്ട് (യെഹെസ്കേൽ 22:9).

ഏഷണി പറയുന്നവർ രക്തം ചൊരിയുവാൻ ആഗ്രഹിക്കുന്നവർ തന്നെയെന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. എന്നിട്ടും ഈ പ്രവൃത്തി ന്യായീകരിക്കുവാനും തങ്ങൾ കുറ്റക്കാരല്ലെന്നു വരുത്തുവാനും ആളുകൾ ആഗ്രഹിക്കുന്നു. ഹാ! അന്ധത എത്ര ഭയങ്കരം!! പരദൂഷണം കൊലപാതകത്തോട് അടുത്തുനിൽക്കുന്ന പാതകം തന്നെ.

സങ്കീ.101:5, “കൂട്ടുകാരനെക്കുറിച്ച് ഏഷണി പറയുന്നവനെ ഞാൻ നശിപ്പിക്കും”. (ഇംഗ്ലീഷ് തർജ്ജമ: ഛേദിച്ചുകളയും) ഏറ്റവുമധികം ദോഷകരമായ ഒരു ദുശ്ശീലമാണിത്. അതിനാൽ പരമാവധി ഗൗരവബോധത്തോടെ നാം ഇതിനെ കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു.

സങ്കീ.50:19-22, നിന്റെ വായ് ദോഷത്തിനു വിട്ടുകൊടുക്കുന്നു: നിന്റെ നാവ് വഞ്ചന പിണയ്ക്കുന്നു. നീ ഇരുന്നു നിന്റെ സഹോദരനു വിരോധമായി സംസാരിക്കുന്നു; നിന്റെ അമ്മയുടെ മകനെക്കുറിച്ച് അപവാദം പറയുന്നു. ഇവ നീ ചെയ്ത് ഞാൻ മിണ്ടാതിരിക്കയാൽ ഞാൻ നിന്നെപ്പോലെയുള്ളവനെന്നു നീ നിരൂപിച്ചു; എന്നാൽ ഞാൻ നിന്നെ ശാസിച്ച് നിന്റെ കണ്ണിനുമുമ്പിൽ അവയെ നിരത്തിവയ്ക്കും. ദൈവത്തെ മറക്കുന്നവരേ ഇത് ഓർത്തുകൊൾവിൻ; അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും; വിടുവിപ്പാൻ ആരും ഉണ്ടാകയില്ല”.

ഇതിനെപ്പറ്റി ഏറ്റവും വലിയ ഒരു ഭയം ഓരോ സഹോദരന്റെയും സഹോദരിയുടെയും ഹൃദയത്തിലുണ്ടാകുകയും അത് ആയുഷ്കാലം മുഴുവൻ തുടരുകയും ചെയ്തെങ്കിൽ എത്ര നന്നായിരുന്നു!

1 കൊരി.6:10, “....വാവിഷ്ഠാണക്കാർ (Revilers or slanderers)പരദൂഷകന്മാർ എന്നർത്ഥം) .....എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല”. ഇനി ഇതിനെപ്പറ്റി നാം അശേഷവും സംശയിക്കേണ്ട ആവശ്യമില്ല.

യാക്കോബ് 4:11,12; 1 കൊരി.5:9-13 എന്നീ വേദഭാഗങ്ങളും നോക്കുക. പരദൂഷണത്തിലേർപ്പെടുന്ന ഒരു വ്യക്തിയുമായി സംസർഗ്ഗമരുത്; അങ്ങനെയുള്ളവരോടുകൂടെ ഭക്ഷണം കഴിക്കുകപോലുമരുത് എന്നു ദൈവവചനം നമ്മെ കർശനമായി വിലക്കിയിരിക്കുന്നു. മാത്രമല്ല, ‘ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളയുവിൻ’ എന്ന ഒരു കല്പനയും അതേതുടർന്ന് പൗലോസ് നൽകിയിരിക്കുന്നു.

ഒരാൾ ഏഷണി പറഞ്ഞുകൊണ്ട് എന്റെ വീട്ടിൽ വന്നാൽ ഞാൻ അയാളെ ഉടൻതന്നെ വീട്ടിൽനിന്നു പറഞ്ഞയയ്ക്കുമെന്നും അയാൾ ആ ഭയങ്കര പാപത്തെപ്പറ്റി പശ്ചാത്തപിച്ചല്ലാതെ പിന്നീടയാളെ വീട്ടിൽ കയറ്റുകയില്ലെന്നും വർഷങ്ങൾക്ക് മുമ്പ് ഒരു ദൈവദാസൻ സഭയിൽ പ്രസിദ്ധം ചെയ്തിരുന്നു. ഈ നടപടി മുഖേന സഭയിലെ എല്ലാ അംഗങ്ങൾക്കും വളരെ തിന്മയിൽനിന്നു വിടുതൽ പ്രാപിക്കുവാനിടയായി.

യഥാർത്ഥത്തിൽ ആത്മീയ തീക്ഷ്ണതയുള്ള എല്ലാ ദൈവഭൃത്യന്മാരും ഈ കാര്യം ഗൗരവമായിട്ടെടുക്കുകയും പൂർണ്ണശ്രദ്ധയോടെ ഇതിനെപ്പറ്റി മറ്റുള്ളവരോടു സംസാരിക്കുകയും ചെയ്യണം. അങ്ങനെ ആത്മാക്കളെ രക്ഷിക്കുവാനും തങ്ങളുടെ കർത്താവായ യേശുക്രിസ്തുവിൽ അവരെ ശക്തിപ്പെടുത്തുവാനും അവർ പരമാവധി യത്നിക്കേണ്ടതാണ്.

---



# അനുസരണവും അനുഗ്രഹവും



പേജ് 2 തുടർച്ച

സമ്പത്തുണ്ടായാൽ ദൈവത്തെ മറക്കുമെന്നല്ല. അപ്പോൾ ദൈവഭക്തിയിൽ ജീവിക്കുവാൻ കൂടുതൽ പ്രയാസമാണെന്നു മാത്രമാണ് ഞാൻ പറഞ്ഞത്. ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് പ്രയാസമാണെന്നാണ് യേശു പറഞ്ഞത്. അല്ലാതെ അസാദ്ധ്യം എന്നല്ല. അതുകൊണ്ട് സമ്പത്തുള്ള ഒരു സഹോദരനോട് അസൂയപ്പെടരുത്. നിങ്ങൾ ദൈവത്തോട് അടുത്തുനില്ക്കുവാൻ അയാൾക്കാണ് കൂടുതൽ ബുദ്ധിമുട്ട്. നിങ്ങളെക്കാൾ വലിയ വീടുള്ളയാളോടോ പണമുള്ളയാളോടോ നിങ്ങൾ അസൂയപ്പെടരുത്. സുരക്ഷിതരും അങ്ങനെയുള്ളവർ വലിയ അപകടത്തിലുമാണ്. ഇതു നിങ്ങൾ കാണണമെന്നു മാത്രം. നിങ്ങൾക്ക് എന്തു ലഭിക്കണമെന്നു ദൈവം തീരുമാനിക്കട്ടെ. അല്പമേ ലഭിച്ചുള്ളൂ എങ്കിലും ദൈവം തരുന്നതിൽ തൃപ്തനായിരിക്കുക. എത്രയോ പ്രസംഗകർ അവർക്കു സമ്പത്തു വർദ്ധിച്ചപ്പോൾ നശിച്ചുപോയതായി ഞാൻ കേട്ടിട്ടുണ്ട്. ഇത് ഒരു മുന്നറിയിപ്പായി എടുക്കുക. ജ്ഞാനമുള്ളവൻ മറ്റുള്ളവരുടെ വീഴ്ചയിൽനിന്നു പാഠം പഠിക്കുന്നു.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# കെണിയിൽ വീണ കിളികൾ



തുടർച്ച 2

ടെലിഫോൺ, ഇന്റർനെറ്റ് അധിഷ്ഠിത ആശയവിനിമയങ്ങളെ മൂന്നാമതൊരാൾ രഹസ്യമായി നിരീക്ഷിക്കുന്നതിനെയാണ് ടെലിഫോൺ ടാപ്പിംഗ് (ഫോൺ ചോർത്തൽ) എന്നു പറയുന്നത്. പണ്ട് ഇതിനു വയർ ടാപ്പിംഗ് എന്നും പേരുണ്ടായിരുന്നു. ടെലിഫോൺ പോസ്റ്റിൽ കയറി കേബിളിൽ ഒരു റിസീവർ പിടിപ്പിച്ച് മറ്റുള്ളവരുടെ സംഭാഷണം കേൾക്കുന്ന പരിപാടി നിങ്ങൾ കണ്ടിരിക്കും. അതുകൊണ്ടുതന്നെയാണ് വയർ ടാപ്പിംഗ് എന്ന പേരു വന്നത്.

രാജ്യദ്രോഹ നീക്കങ്ങൾ തടയാൻ സർക്കാർ ഏജൻസികൾക്ക് നിയമാനുസൃത ടാപ്പിംഗ് അനുവദിച്ചിട്ടുണ്ട്. തീവ്രവാദികളുടെ സന്ദേശങ്ങൾ ചോർത്തിയെടുക്കുക എന്നത് അത്യന്തം പ്രധാനവുമാണ്. എന്നാൽ നിയമപരമായ ടാപ്പിംഗിന്റെ മറവിൽ നമ്മൾ അതു ചെയ്താൽ കളി കാര്യമാകും. ആ വിഷയത്തിലേക്കു വരുന്നിതിനു മുമ്പ് സാധാരണക്കാരായ നമ്മുടെയൊക്കെ ഫോണുകളിൽ എന്തൊക്കെയാണ് നടക്കുന്നതെന്ന് നോക്കാം.

വെറുതെ വിളിക്കുന്ന ഒരു കോൾ റെക്കോർഡ് ചെയ്യപ്പെടുന്നതു മുതൽ രേഖകൾ ചോർത്തിയെടുത്ത് ബാങ്ക് അക്കൗണ്ടിലെ പണം തട്ടുന്നതുവരെയുള്ള വളരെ വ്യാപ്തിയുള്ളതും ഗുരുതരവുമായ കാര്യങ്ങളാണ് നമ്മുടെ പോക്കറ്റിൽ കിടക്കുന്ന ഫോണിലൂടെ നടത്താനാവുക. കോൾ റെക്കോർഡ് ചെയ്യുന്നതു പോലും ദൂരവ്യാപകമായ ഫലങ്ങളുണ്ടാക്കാം. രണ്ടുപേർ തമ്മിൽ സംസാരിക്കുന്നത് അതിലൊരാളോ, അല്ലെങ്കിൽ മൂന്നാമതൊരാളോ റെക്കോർഡ് ചെയ്യുന്നു എന്നു കരുതുക. ആ സംഭാഷണത്തിൽ പുറമേയുള്ള ഒരാളെ ബാധിക്കുന്ന ഒരു പരാമർശം ഉണ്ടാവുന്നുവെന്നിരിക്കട്ടെ. അല്ലെങ്കിൽ പറയാൻ പാടില്ലാത്ത എന്തെങ്കിലും പറഞ്ഞുവെന്നു കരുതുക. റെക്കോർഡ് ചെയ്യപ്പെട്ട ഫോൺകോൾ തലയ്ക്കു മുകളിൽ കെട്ടിയിട്ട വാളായി മാറാൻ പിന്നെ ഒട്ടും സമയം വേണ്ട.



ഈയടുത്തകാലത്ത് ഫോൺ കോളുകളിൽ കുരുങ്ങിയത് ചില്ലറക്കാരൊന്നുമല്ല. പാർട്ടിക്കാരനോടു സംസാരിച്ച മന്ത്രി, സ്കൂൾ വിദ്യാർത്ഥിയോടു സംസാരിച്ച എം.എൽ.എ. മലയോര മേഖലയിലൊരിടത്ത് വീട്ടമ്മയോടു സംസാരിച്ച പാർട്ടി നേതാവ്... മൊബൈൽ ഫോണിൽ ഉള്ള കോൾ റെക്കോർഡിംഗ് എന്ന വളരെ നിസാരമായൊരു ഫീച്ചറാണ് ഇവർക്കൊക്കെ എട്ടിന്റെ പണി കൊടുത്തത്. അങ്ങനെയെങ്കിൽ പണി തരാൻ മാത്രമായുള്ള ആപ്പുകളുടെ കാര്യമെടുത്താലോ?

## ഗൂഗിൾ പറയുന്നു...

ഈ കുറിപ്പു തയാറാക്കുന്ന വേളയിൽ ഗൂഗിളിൽ വെറുതേയൊരു സെർച്ച് കൊടുത്തു-ഫോൺ ടാപ്പിംഗ് ആപ്പ്സ്. 0.52 സെക്കന്റുകൊണ്ട്, അതായത് ഒരു സെക്കന്റിൽ താഴെ മാത്രം സമയംകൊണ്ട് ഗൂഗിൾ തന്നത് അഞ്ചുലക്ഷം റിസൾട്ടുകളാണ്. ഫോൺ ചോർത്താൻ സഹായിക്കുന്ന ഏറ്റവും മികച്ച 10 ആപ്പുകളുടെ ലിസ്റ്റ് ഏറ്റവുമാദ്യം. (ഗൂഗിളിൽ ആർക്കും ലഭ്യമാണെങ്കിലും ആ ലിസ്റ്റ് ഞങ്ങളിവിടെ പ്രസിദ്ധീകരിക്കുന്നില്ല).

ഒപ്പം ആളുകൾ മുമ്പു ചോദിച്ച ചോദ്യങ്ങൾ ഗൂഗിൾ പരിചയപ്പെടുത്തി.

ദൂരെയിരുന്ന് ഒരു സെൽഫോണിലെ വിവരങ്ങൾ ചോർത്താനാകുമോ? ഫോൺ ടാപ്പിംഗ് ശരിക്കും സാധ്യമാണോ? എങ്ങനെയാണ് മൊബൈൽ ഫോൺ ചോർത്തുന്നത്?

ചോദ്യങ്ങൾക്കു പിന്നാലെ, മറ്റൊരാളുടെ മൊബൈൽ ഫോൺ ചോർത്താൻ ലളിതമായി പഠിക്കാം എന്നൊരു ഓഫർ വേറെ. എന്റെ ഫോൺ ആരെങ്കിലും ചോർത്തുന്നുണ്ടോ എന്ന് എളുപ്പത്തിൽ കണ്ടുപിടിക്കാനുള്ള ആപ്പ് ഏത് എന്നൊരു റിവേഴ്സ് ചോദ്യവും ഇതിനൊപ്പം വന്നു.

ഇതൊക്കെ തരുന്ന സൂചന എന്താണ്? മറ്റുള്ളവരുടെ, മിക്കവാറും സ്വന്തക്കാരുടെ അടക്കം ഫോണുകളിൽ എന്തു നടക്കുന്നു എന്നറിയാൻ ഒരുപാടാളുകൾ തല കുത്തിമറിഞ്ഞു ശ്രമിക്കുന്നുണ്ട്. അങ്ങനെ ചോർത്തലുകൾ നടക്കുന്നുമുണ്ട്. അതു പലവിധ വിപത്തുകളിലേക്ക് നയിക്കുകയും ചെയ്യുന്നു.

## കോംപ്രമൈസ് കാലം

ഡിജിറ്റൽ ലോകത്ത് ജീവിക്കാൻ വയ്യെന്ന സ്ഥിതിയായി എന്നുപറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. തട്ടിപ്പിനു കെണിയൊരുക്കി കാത്തിരിക്കുന്നവർക്കിടയിൽ നമ്മൾ വിവരക്കേടുകൂടി കാണിച്ചാലോ?

ഫോണുകളിൽനിന്ന് യാതൊരു വിവരവും വെറുതെ ചോർന്നുപോകില്ല. എളുപ്പത്തിൽ കണ്ടുപിടിക്കാവുന്നതും അതേസമയം അറിയാൻ എളുപ്പമല്ലാത്തതുമായ ഒട്ടേറെ മാർഗ്ഗങ്ങളുണ്ട് തട്ടിപ്പുകാർക്ക്. കബളിപ്പിക്കപ്പെടുന്നവർ അതിനു തൊട്ടുമുമ്പ് എന്തു ചെയ്തു എന്നു പൊതുവേ പുറത്തുപറയാറില്ല. അതായത് വിവരങ്ങൾ ചോർത്താനുള്ള ആപ്പുകൾ കോംപ്രമൈസിംഗ് സോഫ്റ്റ്‌വെയറുകൾ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടോ എന്നതാണ് കാര്യം.

മറ്റൊരുതരം തട്ടിപ്പുണ്ട്. അതു നമ്മൾ നേരിട്ട് കള്ളന്മാർക്ക് കാശുകൊടുക്കുന്നതുപോലെയാണ്. പലരും പറയുന്നതു കേൾക്കാം ഗൂഗിൾപേ നമ്പർ മാത്രം ചോദിച്ചു, പിന്നെ നോക്കുമ്പോൾ അക്കൗണ്ടിൽ നിന്നു കാശുപോയി. അല്ലെങ്കിൽ അക്കൗണ്ട് നമ്പർ ചോദിച്ചു, കാശുപോയി എന്നൊക്കെ. അങ്ങനെ പോകില്ല. അതിനുള്ള വഴി നമ്മൾ അറിഞ്ഞോ അറിയാതെയോ ഫോണിലൂടെ തുറന്നുകൊടുത്തിട്ടുണ്ടാകാം. പഴി കേൾക്കുന്നതു ഗൂഗിളും ആമസോണുമൊക്കെ ആകുമെന്നു മാത്രം.

വ്യാജ ഫേസ്ബുക്ക് പ്രൊഫൈൽ, വാട്ട്സ്ആപ്പ് സ്റ്റാറ്റസ്, കോപ്പി പേസ്റ്റ് തട്ടിപ്പ്, വായ്പ്പാ ആപ്പ് കെണി, ഓൺലൈൻ റമ്മി, റാൻസം വെയർ, ഒ.ടി.പി കള്ളത്തരം, ....പറഞ്ഞുതീർക്കാൻ പറ്റില്ല, സൈബറിടത്ത് ഒന്നങ്ങോട്ടോ ഇങ്ങോട്ടോ തിരിഞ്ഞാൽ ഉടുത്തിരിക്കുന്ന വസ്ത്രംവരെ തട്ടിയെടുക്കാൻ റെഡിയാണ് തട്ടിപ്പു സംഘങ്ങൾ. കണ്ണും ചെവിയും പരമാവധി തുറന്നുവയ്ക്കുക, യുക്തിയോടെ ചിന്തിക്കുക, അനാവശ്യ കാര്യങ്ങളിലും ഓഫറുകളിലും തലയിടാതിരിക്കുക. ഇത്രയുമാണ് നമുക്ക് ചെയ്യാനുള്ളത്.

## ഇരയറിയാതെ

ഇത്തരമൊരു മുന്നറിയിപ്പു തരാൻ കാരണം ഇവിടെ ഇരയറിയാതെ ഇരയെ വീഴ്ത്തുന്ന വേട്ടക്കാരുടെ മൃഗയാവിനോദങ്ങളെക്കുറിച്ച് പറയുന്നു എന്നതുകൊണ്ടാണ്. ആലങ്കാരികഭാഷ ഒഴിവാക്കി പറയുകയാണെങ്കിൽ പെൺകുട്ടികളെ അവർപോലുമറിയാതെ ശാരീരിക ബന്ധത്തിനുപയോഗിക്കുന്ന ദുഷ്ടശക്തികൾ കേരളത്തിൽ പലയിടത്തും വേരുറപ്പിച്ചു കഴിഞ്ഞു.

പണ്ടത്തെ സിനിമകളിൽ ജ്യൂസിലും മറ്റും പൊടി കലക്കിക്കൊടുത്ത് നായികയെ ബോധംകെടുത്തി വില്ലൻ താങ്ങിയെടുത്ത് ബെഡ്റൂമിൽ കൊണ്ടുചെന്നു കിടത്തി ബലാത്സംഗം ചെയ്യുന്ന രംഗങ്ങളുടെ റീമേക്കാണ് ഇപ്പോൾ നടക്കുന്നത്.

അതിന് വില്ലന്മാർ ഇപ്പോൾ ഉപയോഗിക്കുന്നതാകട്ടെ സിന്തറ്റിക് ഡ്രഗ് മാഫിയകളുടെ ബെസ്റ്റ് സെല്ലർ ഡ്രഗായ റേപ്പ് പിൽസ് അഥവാ റേപ്പ് ഡ്രഗ്!

പച്ചമലയാളത്തിൽ പറഞ്ഞാൽ ബലാത്സംഗ ഗുളിക.

വീഴ്ത്തേണ്ട ഇരയറിയാതെ വേട്ടക്കാരൻ ഒരുക്കിവയ്ക്കുന്ന കെണിയാണ് റേപ്പ് ഡ്രഗ് എന്നും റേപ്പ് പിൽസെന്നുമെല്ലാം അറിയപ്പെടുന്ന ഈ മയക്കുമരുന്ന്.

## റേപ്പ് ഡ്രഗ് കെണിയൊരുക്കുന്നത്....

പഞ്ചസാരതരി പോലുള്ള ഈ സിന്തറ്റിക് ഡ്രഗ് ശീതളപാനീയങ്ങളിൽ ചേർത്താണ് പെൺകുട്ടികളെ മയക്കി കിടത്താറുള്ളത്. ഇരയറിയാതെ ഇത് ചേർക്കും. ഒരു രുചി വ്യത്യാസവും അനുഭവപ്പെടാത്തതിനാൽ സംശയമില്ലാതെ പെൺകുട്ടികൾ ഇത് കുടിക്കുകയും ചെയ്യും.

പെൺകുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുകയെന്ന ഉദ്ദേശത്തോടെയാണ് ഈ മയക്കുമരുന്നുകൾ പാനീയങ്ങളിൽ ചേർക്കുന്നത്. മയക്കുമരുന്ന് ഉള്ളിൽ ചെല്ലുന്നതോടെ പ്രതികരണശേഷി പൂർണ്ണമായും നശിക്കുമെന്ന് നാർക്കോട്ടിക് വിദഗ്ധർ പറയുന്നു.

ചുറ്റുപാടുകളെക്കുറിച്ചും താൻ എന്താണ് ചെയ്യുന്നതിനെക്കുറിച്ചും പിന്നെയിവർക്ക് ബോധമുണ്ടാകില്ല. അതേസമയം ശാരീരികമായി മറ്റുള്ളവർ പറയുന്നത് ഇവർ അനുസരിക്കുകയും ചെയ്യും.

ഇത്തരം മയക്കുമരുന്ന് ഉള്ളിൽ ചെല്ലുന്നവർക്ക് തന്നെ മറ്റൊരാൾ ലൈംഗിക ബന്ധത്തിന് ഉപയോഗിച്ച കാര്യംപോലും പലപ്പോഴും ഓർമ്മിക്കാൻ കഴിയില്ല. അങ്ങനെയൊരു കാര്യം നടന്നെന്നുപോലും ഇര അറിയുന്നില്ല. പിന്നീട് ഗർഭിണിയാകുമ്പോഴാണ് ഇതെങ്ങനെ സംഭവിച്ചുവെന്ന് ആ പെൺകുട്ടിപോലും അമ്പരന്നു പോകുന്നത്.

കൂട്ടുകാരുമൊത്തുള്ള പാർട്ടികളിലോ പുതിയ കാലത്തിന്റെ ആഘോഷത്തിമിർപ്പുകൾക്കിടയിലോ അടിച്ചുപൊളിക്കുന്നതിനിടെ ആരെങ്കിലും വെച്ചുനീട്ടുന്ന ശീതളപാനീയങ്ങൾ ഒരുപക്ഷേ പെൺകുട്ടികളുടെ ജീവിതംതന്നെ മാറ്റിമറിച്ചേക്കാം. എല്ലാവരും ചതിക്കുമെന്നല്ല, പക്ഷേ ചതി എവിടെയൊക്കെയോ മറഞ്ഞിരിപ്പുണ്ട്. ഓരോ പുതിയ കേസും അതാണ് തെളിയിക്കുന്നത്.

അവരെ ശാരീരിക ചൂഷണം ചെയ്യുന്നതു മാത്രമല്ല അവരുടെ നഗ്നചിത്രങ്ങളും വീഡിയോകളും പകർത്തി പിന്നീട് ആ പെൺകുട്ടിയെ ബ്ലാക്ക്മെയിൽ ചെയ്ത് തങ്ങളുടെ വരുതിക്ക് നിർത്തുന്നതടക്കമുള്ള കാര്യങ്ങളും ഇതിന്റെ അനന്തരഫലമായി ഇരകൾ അനുഭവിക്കേണ്ടിവരുന്നു. അടുത്തിടെ തൃശ്ശൂർ-പാലക്കാട് ജില്ല അതിർത്തിയിൽ ഉണ്ടായ പീഡനക്കേസുകളിലൊന്ന് ഇത്തരത്തിൽ പെട്ടതായിരുന്നു. ആ റാക്കറ്റിൽ നിരവധി പെൺകുട്ടികൾ അവരറിയാതെതന്നെ പെട്ടുപോയിട്ടുണ്ടെന്നാണ് വിവരം.

## ഹരിയാന പോലീസിന്റെ കേസ് ഡയറിയിൽ നിന്ന്....

ഇന്ത്യയുടെ പല ഭാഗത്തും റേപ്പ് ഡ്രഗ് ഉപയോഗിച്ച് പെൺകുട്ടികളെ അവരറിയാതെ ലൈംഗികമായി ഉപയോഗിക്കുന്ന കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഹരിയാന ഗുഡ്ഗാവിൽ ഒരു മൾട്ടിനാഷണൽ കമ്പനിയിൽ ജോലി ചെയ്യുന്ന പെൺകുട്ടി ഇത്തരത്തിൽ കൂട്ടുകാരന്റെ ചതിയിലകപ്പെട്ടു.

ഒരു പാർട്ടിക്കിടെ സുഹൃത്ത് നൽകിയ പാനീയം കുടിച്ചതിനുശേഷം ബോധം നശിച്ച തന്നെ സുഹൃത്ത് ലൈംഗികമായി ഉപയോഗിച്ചുവെന്ന് ഇവർ പറയുന്നു. പോലീസിലെ സുഹൃത്തുക്കളായ ചിലരോട് ഇവർ ഇക്കാര്യം പറഞ്ഞിരുന്നു. എന്നാൽ ഇതിന് തെളിവുകളൊന്നും ഇല്ലാത്തതുകൊണ്ടും മാനഹാനി ഭയന്നും പരാതി നൽകാതെ ഇവർ പിൻവാങ്ങി. ഇവരെ ശാരീരിക ചൂഷണം ചെയ്തിട്ടുള്ളതായി പിന്നീട് നടത്തിയ മെഡിക്കൽ പരിശോധനയിൽ റിപ്പോർട്ട് ലഭിച്ചു.

അത്യാവശ്യം നല്ല ശമ്പളം ലഭിച്ചിരുന്ന ജോലി ഉപേക്ഷിച്ച് അന്നുതന്നെ ആ പെൺകുട്ടി നാട്ടിലേക്കു വണ്ടികയറി. പോകുംമുമ്പ് പോലീസിലെ ആ സുഹൃത്തിനോട് അവൾ പറഞ്ഞു: 'എനിക്ക് പറ്റിപ്പോയി... ഇനിയാർക്കും പറ്റാതിരിക്കാൻ നോക്കണേ....".

അവളുടെ അപേക്ഷ ഇപ്പോൾ ഒരുപാടുപേരുടെ അപേക്ഷയുടെ സ്വരമായി മാറിയിരിക്കുന്നു.

ഇരകൾ വേട്ടയാടപ്പെട്ടുകൊണ്ടേയിരിക്കുന്നു...

## എന്തുകൊണ്ട് പെൺകുട്ടികൾ അറിയുന്നില്ല...

"അവളറിയാതെ എങ്ങനെയാ അവൾ ഗർഭിണിയായേ" എന്ന ചോദ്യം അടുത്തിടെയായി പല കേസുകളിലും ഉയർന്നു കേൾക്കാറുണ്ട്. അവിടെയാണ് റേപ്പ് ഡ്രഗ് എന്ന സംശയം കടന്നെത്തുന്നത്.

ഏതെങ്കിലും തരത്തിലുള്ള മണമോ നിറമോ രുചിയോ ഇല്ലാത്തതുമൂലം ഈ മയക്കുമരുന്നിനെ തിരിച്ചറിയാൻ കഴിയില്ല എന്നതുതന്നെയാണ് പ്രധാന പ്രശ്നം. ഈ മയക്കുമരുന്ന് ഒരുതരം ഹിപ്നോട്ടിക് അമ്നേഷ്യയാണ് സൃഷ്ടിക്കുന്നതെന്ന് വിദഗ്ധർ പറയുന്നു. റേപ്പ് ഡ്രഗ് എന്നറിയപ്പെടുന്ന എം.ഡി.എം.എ മയക്കുമരുന്ന് ക്രിസ്റ്റൽ രൂപത്തിലുള്ളതാണ്. ഒരു ചെറിയ അംശം ഉള്ളിലെത്തിയാൽ ആറു മുതൽ ഒമ്പതു മണിക്കൂർ വരെ ഉന്മാദാവസ്ഥയിൽ ആകും. ഈ സമയത്ത് നടക്കുന്ന കാര്യങ്ങളെക്കുറിച്ച് യാതൊരു ഓർമ്മകളും ഉണ്ടാകില്ല. അളവിൽ കൂടുതൽ ശരീരത്തിൽ ചെന്നാൽ മരണംവരെ സംഭവിക്കാവുന്ന മയക്കുമരുന്നാണിത്. പെൺമക്കളുള്ള അമ്മമാരെല്ലാം സൂക്ഷിക്കുക. കഴുകൻ കണ്ണുകളും ചെന്നായുടെ കൊതിയുമായി പ്രാപ്പിടിയന്മാർ വട്ടമിട്ടു പറക്കുന്നുണ്ട്. പല രൂപത്തിലും ഭാവത്തിലും. പൊന്നുമക്കളെ അവർ പോലുമറിയാതെ റാഞ്ചിയെടുത്തു പറക്കാൻ.... അതിനാൽ നമ്മുടെ കുട്ടികളെ ചിറകിനടിയിൽ ഒളിപ്പിക്കുക, സുരക്ഷിതമായി...



# കമ്മ്യൂണിസവും ക്രിസ്തുമതവും

## സാംസൺ കോട്ടൂരിന് വേദാഭിമാനിയുടെ മറുപടി

**തുടർച്ച**

ദരിദ്രരോടും യാതന അനുഭവിക്കുന്നവരോടുള്ള പ്രത്യേക കരുതലിൽ, അവർക്ക് നീതി ലഭിക്കുന്നതിലുള്ള താൽപര്യത്തിൽ, ബൈബിളിലെ പല വാക്യങ്ങളും മാർക്സിസത്തിനു പ്രചോദനമായി മാറി.

ദേവാലയത്തിൽ യെശയ്യാ (Isaiah)യുടെ പുസ്തകം തുറന്നു വായിച്ചുകൊണ്ട് തന്റെ ശുശ്രൂഷ ആരംഭിക്കുന്നതായി ലൂക്കോസിന്റെ സുവിശേഷത്തിൽ വിവരിക്കുന്നിടത്ത് യേശു പറയുന്നു: "കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; കാരണം ദരിദ്രരോട് സുവിശേഷം പ്രഘോഷിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ദികൾക്ക് മോചനവും അന്ധർക്ക് കാഴ്ചയും പ്രഖ്യാപിക്കാൻ, മർദ്ദിതരെ സ്വതന്ത്രരാക്കുവാൻ, കർത്താവിനു സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കുവാൻ അവൻ എന്നെ അയച്ചിരിക്കുന്നു" (ലൂക്കോ.4:18). അയൽക്കാരനോടുള്ള സ്നേഹത്തെ ക്രിസ്തു ഏറ്റവും വലിയ നിയോഗമായി ഉയർത്തി.



പഴയനിയമത്തിലും മാർക്സിസത്തെ സ്വാധീനിച്ചെന്നു കരുതേണ്ടതോ, മാർക്സിസത്തിൽ പ്രതിഫലിക്കുന്നതായി കാണുന്നതോ ആയ വചനങ്ങൾ പലതുണ്ട്. അവയിൽ സങ്കീർത്തനത്തിലെ ചില ഉദ്ധരണികൾ ഇവിടെ നൽകുന്നു: "ദരിദ്രനെ ഗൗനിക്കുന്നവൻ ഭാഗ്യവാൻ, ദുരിതദിനത്തിൽ കർത്താവ് അയാളെ രക്ഷിക്കുന്നു" (സങ്കീ.41:1). "ദുർബലർക്കും അനാഥർക്കും നീതി നൽകുക. പീഡിതരുടെയും അഗതികളുടെയും അവകാശം സംരക്ഷിക്കുക. ദുർബലരെയും പാവപ്പെട്ടവരെയും രക്ഷിക്കുക; ദുഷ്ടരുടെ കൈയ്യിൽ നിന്ന് അവരെ രക്ഷിക്കുക" (സങ്കീ.82:3,4).

ആദ്യകാല ക്രിസ്തീയ സഭ, വരുവാനിരിക്കുന്ന ക്രമത്തിന്റെ മുന്നോടിയായിരുന്നു; എല്ലാവരും എല്ലാവരുടെയും ക്ഷേമം കരുതുന്ന ഒരു ലോകത്തിന്റെ, അങ്ങനെ ക്രിസ്തുമതത്തിന്റെയും മാർക്സിസത്തിന്റെയും പ്രതീക്ഷാ സങ്കൽപ്പങ്ങളിൽ ആഴമേറിയ ഒരു സാധർമ്മ്യമുണ്ട്.

സ്രഷ്ടാവിന്റെ പ്രതിഛായയിൽ ഉണ്ടായ മക്കളെന്ന നിലയിൽ, നാമെല്ലാം പൊതുവായ സ്വത്വമുള്ള സഹോദരന്മാരും സഹോദരിമാരുമാണ്. നമ്മെപ്പോലെ മറ്റുള്ളവരുടെയും ആവശ്യങ്ങൾക്കായി സഹാനുഭൂതിയോടെ പ്രവർത്തിക്കുമ്പോഴാണ് ദൈവത്തിന്റെ ഈ ഹിതം പ്രാവർത്തികമാകുന്നത്. ഇത് ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലേ സാദ്ധ്യമാകുകയുള്ളൂ. മുതലാളിത്തത്തിൽ സാദ്ധ്യമല്ല. ക്രിസ്തുമതവും മാർക്സിസവും പ്രാധാന്യം നൽകുന്നത് മനുഷ്യന്റെ സാമൂഹ്യബന്ധങ്ങൾക്കാണ്; സാമൂഹികമായ ഉത്തരവാദിത്വത്തിനും.

വിശക്കുന്നവന് ആഹാരവും ദാഹിക്കുന്നവന് കുടിക്കുവാനും വസ്ത്രമില്ലാത്തവന് വസ്ത്രവും നൽകിയതെല്ലാം ക്രിസ്തുവിനു തന്നെയായിരുന്നെന്ന് ക്രിസ്തു പറയുന്നു. രോഗിയെ സന്ദർശിച്ചതും തടവിലായ ആളെ സന്ദർശിച്ചതും എല്ലാം. "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ഏറ്റവും എളിയവരായ എന്റെ ഈ സഹോദരരിൽ ഒരുവന് നിങ്ങൾ അവ ചെയ്തുകൊടുത്തപ്പോൾ എനിക്കാണ് നിങ്ങൾ ചെയ്തുതന്നത്" (മത്താ.25:40). ഒരു രാഷ്ട്രീയ വ്യവസ്ഥിതിയെയും സാമൂഹ്യ ക്രമത്തെയും ആളുകൾ അളക്കുന്നത് സേവനത്തിന്റെ ഈ മാനദണ്ഡങ്ങളാലാണ്.

വ്യക്തികളുടെ കഴിവുകളെപ്പറ്റിയല്ല യേശുവിന് പറയാനുണ്ടായിരുന്നത്. സമൂഹത്തിലെ സാദ്ധ്യതകളെപ്പറ്റിയാണ്. മാർക്സിന്റെ വീക്ഷണത്തിൽ വ്യക്തി അമൂർത്തമായിട്ടുള്ളതല്ല, പരസ്പര ബന്ധങ്ങളുടെ സുദൃഢമായ ഐക്യത്തിന്റെ ഭാഗമായ, മൂർത്തമായ വ്യക്തിയാണ്. വ്യക്തികളെ കേവലം അമൂർത്തമായ ഭൗതിക വസ്തുക്കളും ചരക്കുകളുമായി പരിഗണിക്കുന്ന മുതലാളിത്ത നിലപാടിനെ മാർക്സ് തമസ്കരിച്ചു.

നമ്മുടെ വ്യക്തിപരമായ ധാരണയ്ക്കും ഇച്ഛാശക്തിക്കും നിയന്ത്രണങ്ങൾക്കും അതീതമായ ചില ശക്തികളാണ് നമ്മുടെ ചിന്തയെയും വികാരത്തെയും പ്രവൃത്തികളെയും നിർണ്ണയിക്കുന്നത്. യേശുവിനെ സംബന്ധിച്ചിടത്തോളം ഈ ശക്തികൾ ദൈവവും വിശ്വാസികളുടെ സമൂഹവുമാണ്. മാർക്സിനാണെങ്കിൽ അത് ചരിത്രത്തിന്റെ വിപ്ലവകരമായ മുന്നേറ്റമാണ്.

നന്മയെയും തിന്മയെയും പറ്റിയുള്ള പരിശോധന സമൂഹത്തിലെ പ്രയോഗത്തിലാണ്. നല്ല ശമര്യാക്കാരന്റെയും സമ്പന്നന്റെയും ലാസറിന്റെയും കഥകളിൽ ഇതാണ് പറയുന്നത് (ലൂക്കൊ.16:19–31).

യേശുക്രിസ്തു ആഹ്വാനം ചെയ്യുന്നത് ഉടനെയുള്ള പ്രവർത്തനത്തിനാണ്. പ്രവൃത്തിയാണ് എല്ലാം. വാഗ്ദാനങ്ങളും പദവികളും വിശ്വാസങ്ങളും പ്രഖ്യാപനങ്ങളും ഒന്നും പ്രസക്തമല്ല. ഒരു മനുഷ്യനെ വിലയിരുത്തുന്നത് അയാളുടെ പ്രവൃത്തികൊണ്ടാണ്. പ്രസംഗംകൊണ്ടല്ല. "ഫലങ്ങൾ കൊണ്ട് അവരെ നിങ്ങൾക്ക് തിരിച്ചറിയാം... നല്ല വൃക്ഷങ്ങളിൽ നല്ല ഫലമുണ്ടാകും. ചീത്ത വൃക്ഷങ്ങളിൽ ചീത്ത ഫലവും" (മത്താ.7:16–18). ഈ കർത്തവ്യം പരലോകത്തിലേക്കുള്ളതു മാത്രമല്ല; നാം വസിക്കുന്ന ഈ ഭൂമിയിലും പ്രാവർത്തികമാക്കേണ്ടതാണ്.

മാർക്സിന്റെ ചിന്തയും അതുപോലെ പ്രവൃത്തിയെ ലക്ഷ്യമാക്കിയായിരുന്നു. "തത്വചിന്തകർ ഇതുവരെ ലോകത്തെ വിഭിന്ന രീതികളിൽ വ്യാഖ്യാനിച്ചിട്ടേയുള്ളൂ. അതിനെ മാറ്റുകയെന്നതാണ് പ്രധാനം". മാർക്സിനെ സംബന്ധിച്ചിടത്തോളം "ജനങ്ങളുടെ ആവശ്യങ്ങളുടെ സാക്ഷാത്കാരത്തിലൂടെയാണ് സിദ്ധാന്തം ഒരു ജനതയിൽ പ്രയോഗത്തിലാക്കുക".

യേശുവിന് ചരിത്രം മനുഷ്യരുടെ പ്രവൃത്തിയും പൂർത്തീകരണവും അത് നടക്കുന്ന ഇടവും പ്രക്രിയയുമാണ്. ജൂതപാരമ്പര്യത്തിൽ നിന്നുകൊണ്ട് പ്രവാചകരുടെ നിരയിൽ ക്രിസ്തു വീണ്ടെടുപ്പുകാരനായി മനുഷ്യന് രക്ഷയുടെ വഴി തുറന്നുകൊടുത്തു.

ക്രിസ്തു പറഞ്ഞു: "നിയമത്തെയോ പ്രവാചകരെയോ റദ്ദാക്കാനാണ് ഞാൻ വന്നിരിക്കുന്നതെന്നു നിങ്ങൾ ധരിക്കേണ്ട. റദ്ദാക്കാനല്ല, നിറവേറ്റാനാണ് ഞാൻ വന്നിരിക്കുന്നത്" (മത്താ.5:17). യിരമ്യാപ്രവാചകന്റെ ദർശനവും പ്രവാസപ്രത്യാശ (exilil hope)യും, രണ്ടാം യെശയ്യായുടെ ആദർശവും അന്ത്യത്തെപ്പറ്റിയുള്ള പ്രവചകാനന്തര ചിന്തകളുമെല്ലാം യേശുവിന് പരിചിതമായിരുന്നു. ജനതകളെ സ്നേഹത്തിന്റെ ഒരു മണ്ഡലത്തിലേക്കു വിമോചിപ്പിക്കാൻ ചരിത്രത്തിൽ, ദൈവത്തിന്റെ പ്രവർത്തനത്തിന്റെ ഉപകരണമായി യേശു തന്റെ ശുശ്രൂഷയെ കണ്ടു.



# അതിലുമധികം സ്നേഹിക്കുന്നതിനാൽ



**പ**രസ്പരം സ്നേഹിക്കുന്ന രണ്ടു പൂമ്പാറ്റകൾ. തങ്ങളുടെ പരസ്പര സ്നേഹത്തെക്കുറിച്ച് അവർക്കൊരിക്കലും ഒരു സംശയവും തോന്നിയിട്ടില്ല. എങ്കിലും, തങ്ങളിൽ ആർക്കാണു കൂടുതൽ സ്നേഹമുള്ളത് എന്ന കാര്യത്തിൽ അവരുടെയിടയിൽ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നു.

"എന്റെ സ്നേഹത്തിനാണ് നിന്റെ സ്നേഹത്തെക്കാൾ തീവ്രത", ആൺപൂമ്പാറ്റ പെൺപൂമ്പാറ്റയോടു പറഞ്ഞു.

"അല്ല, അതു ശരിയല്ല", പെൺപൂമ്പാറ്റ പറഞ്ഞു: "എന്റെ സ്നേഹത്തിനാണു നിന്റെ സ്നേഹത്തെക്കാൾ തീവ്രത കൂടുതൽ. എന്നതു മാത്രമല്ല, എന്റെ സ്നേഹത്തിന് ആഴവും കൂടും".

"എങ്കിൽ നമുക്ക് ഇക്കാര്യം ഒന്നു പരീക്ഷിച്ചുകളയാം", ആൺപൂമ്പാറ്റ പറഞ്ഞു. അടുത്തുകണ്ട ഒരു പുഷ്പം ചൂണ്ടിക്കാണിച്ചുകൊണ്ട് ആൺപൂമ്പാറ്റ തുടർന്നു: "ഈ പുഷ്പമായിരിക്കും നമ്മുടെ സ്നേഹത്തിന്റെ സാക്ഷി. നാളെ രാവിലെ ഏറ്റവുമാദ്യം ഈ പുഷ്പത്തിൽ ആരു കടന്നിരിക്കുന്നുവോ ആ വ്യക്തിയായിരിക്കും ഏറ്റവും കൂടുതൽ സ്നേഹമുള്ളത്. എന്താ, ഈ പരീക്ഷണം സ്വീകാര്യമാണോ?"

പെൺപൂമ്പാറ്റയ്ക്കു സ്വീകാര്യമായിരുന്നു ഈ നിർദേശം. നേരം ഇരുട്ടിത്തുടങ്ങിയിരുന്നതുകൊണ്ട് രാവിലെ പരസ്പരം കാണാമെന്നു പറഞ്ഞ് അവർ അപ്പോൾ യാത്രയായി.

പിറ്റേ ദിവസം കിഴക്ക് വെള്ളകീറിയപ്പോഴേക്കും ആൺപൂമ്പാറ്റ തലേദിവസം പറഞ്ഞുവച്ചിരുന്ന പുഷ്പത്തിന്റെ അരികിലേക്കു പറന്നെത്തി. പക്ഷേ, അപ്പോൾ ആ പുഷ്പത്തിന്റെ ഇതളുകൾ അടഞ്ഞാണിരുന്നത്.

സൂര്യൻ ഉദിക്കുമ്പോഴേക്കും പുഷ്പത്തിന്റെ ഇതളുകൾ വീണ്ടും വിടരുമെന്നറിയാമായിരുന്നതുകൊണ്ട് ആ നിമിഷത്തിനുവേണ്ടി ആൺപൂമ്പാറ്റ കാത്തിരുന്നു. അതിനിടയിൽ തന്റെ പ്രേമഭാജനം പറന്നെത്തുന്നുണ്ടോയെന്നും അവൻ അന്വേഷിക്കുന്നുണ്ടായിരുന്നു.

നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ആ പുഷ്പത്തിന്റെ ഇതളുകൾ വിടർന്നു. അപ്പോൾ ആൺപൂമ്പാറ്റയ്ക്കു തന്റെ കണ്ണുകളെ വിശ്വസിക്കാൻ സാധിച്ചില്ല. തന്റെ പ്രേമഭാജനം പുഷ്പത്തിന്റെ ഇതളുകൾക്കടിയിൽ ഞെരിഞ്ഞ് മരിച്ചുകിടക്കുന്നു!

തന്റെ സ്നേഹം എത്ര അഗാധമാണെന്നു തെളിയിക്കാനാണ് ആൺപൂമ്പാറ്റ അതിരാവിലെ പറന്നെത്തിയത്. എന്നാൽ, അളക്കാവുന്നതിലും അധികമായിരുന്നു പെൺപൂമ്പാറ്റയുടെ സ്നേഹം. തന്റെ അഗാധമായ സ്നേഹം പ്രകടിപ്പിക്കുവാൻ വേണ്ടി രാത്രി മുഴുവനും ആ പുഷ്പത്തിനുള്ളിൽ കാത്തിരിക്കുവാൻ അവൾ തീരുമാനിച്ചു. അങ്ങനെ താൻ ആദ്യം തന്നെ അവിടെ ഉണ്ടാകുമെന്ന് അവൾ ഉറപ്പുവരുത്തി. അതവളുടെ മരണത്തിൽ കലാശിക്കുകയും ചെയ്തു.

സ്നേഹം പ്രതിബന്ധമറിയുന്നില്ല എന്ന യാഥാർത്ഥ്യം വ്യക്തമാക്കുന്ന ഒരു നുറുങ്ങുകഥയാണ് ഈ പൂമ്പാറ്റകളുടേത്. പരസ്പരം സ്നേഹിച്ചിരുന്ന ഈ പൂമ്പാറ്റകളുടെ കഥ കേൾക്കുമ്പോൾ മനുഷ്യരുടെയിടയിലുള്ള സ്നേഹമായിരിക്കും നമ്മുടെ മനസ്സിൽ ആദ്യം ഓടിയെത്തുക. എന്നാൽ, മനുഷ്യരുടെ കാര്യത്തിൽ മാത്രമല്ല ദൈവത്തിന്റെ കാര്യത്തിലും ഈ സ്നേഹത്തിന്റെ കഥയെ വെല്ലുന്ന കഥയുണ്ടെന്നത് നമുക്ക് മറക്കാനാവില്ല.

ദൈവം മനുഷ്യനെ സൃഷ്ടിച്ച നിമിഷം തുടങ്ങിയതാണു ദൈവവും മനുഷ്യനും തമ്മിലുള്ള സ്നേഹബന്ധം. ഈ സ്നേഹബന്ധത്തിൽ പലപ്പോഴും പല പാളിച്ചകളും സംഭവിച്ചിട്ടുണ്ട്. എന്നാൽ, അവയുടെയെല്ലാം ഉത്തരവാദി മനുഷ്യൻ മാത്രമായിരുന്നു എന്നതാണു വസ്തുത. മനുഷ്യന്റെ കുറ്റവും കുറവും ബലഹീനതയുമൊക്കെയായിരുന്നു ഈ പാളിച്ചകൾക്കു കാരണം.

മനുഷ്യൻ പാപം ചെയ്തു ദൈവത്തിൽ നിന്നകന്നപ്പോഴും ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹത്തിൽ കുറവുവന്നില്ല. എന്നുമാത്രമല്ല, പാപത്തിന്റെയും മരണത്തിന്റെയും പിടിയിലമർന്നുപോയ മനുഷ്യനെ രക്ഷിക്കുവാൻവേണ്ടി ദൈവം തന്റെ ഏകപുത്രനെ ലോകത്തിലേക്കയച്ചു.



യേശു തന്റെ പരസ്യജീവിതം ആരംഭിച്ചപ്പോൾ ഏറ്റവും കൂടുതലായി പ്രസംഗിച്ചതു ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തെക്കുറിച്ചായിരുന്നു. മനുഷ്യനു വിഭാവനം ചെയ്യാവുന്നതിലേറെ ദൈവം മനുഷ്യനെ സ്നേഹിക്കുന്നു എന്നു വ്യക്തമാക്കുന്ന സംഭവങ്ങളാണ് യേശുവിന്റെ ജീവിതത്തിൽ നാം കാണുന്നത്. അവിടുന്നു കാൽവരിയിൽ മരിക്കുവാൻ സന്നദ്ധനായെങ്കിൽ അതിന്റെ കാരണം അവിടുത്തേക്കു മനുഷ്യരോടുള്ള സ്നേഹമായിരുന്നു. അതിരുകളില്ലാത്ത ആ സ്നേഹത്തിന്റെ ആഴവും തീവ്രതയും നാം എന്നു മനസിലാക്കുന്നുവോ അന്നുമുതൽ നാം ദൈവത്തെയും ആഴമായി സ്നേഹിക്കും. ദൈവം നമ്മോടു പ്രകടിപ്പിക്കുന്ന സ്നേഹത്തിന്റെ ആഴവും തീവ്രതയും നാം മനസിലാക്കാതെ പോവുന്നതുകൊണ്ടാണു ദൈവത്തോടുപ്രതി സ്നേഹം കാണിക്കുന്നതിൽ നാം പരാജയപ്പെടുന്നത്. എന്നാൽ, അവിടുന്ന് എത്രയോ അധികമായി നമ്മെ സ്നേഹിക്കുന്നു എന്നു മനസിലാക്കിയാൽ അവിടുത്തോടു നാം പ്രതിസസ്നേഹം കാണിക്കാതിരിക്കില്ല.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി



പൈശാചിക സാന്നിധ്യത്തിന് എന്തെങ്കിലും തെളിവുകൾ ഉണ്ടോ? പിശാചെന്ന സമസ്യയ്ക്ക് കാര്യകാരണം പറയാൻ കഴിയുമോ? നന്മയുടെ ഉറവിടമായ ദൈവം എന്തിനാണ് തിന്മയുടെ ഉറവിടമായ പിശാചിനെ സൃഷ്ടിച്ചത്? എതിരാളിയായ പിശാചിനെ ഇല്ലാതാക്കുവാൻ ദൈവത്തിന് സാധിക്കാത്തത് എന്തുകൊണ്ട്? ലോകത്തിന്റെയും പിശാചിന്റെയും കരവലയത്തിൽ അമർന്നിരിക്കുന്ന മനുഷ്യന് പാപത്തിന്റെ സ്വാധീനത്തെ അതിജീവിക്കുവാൻ കഴിയുന്നതെങ്ങനെ? **-ജെ. ക്രിസ്തുദാസ്, ബ്രദർമുക്ക്, വടശ്ശേരിക്കര, റാന്നി**

പൈശാചിക സാന്നിധ്യത്തിന്റെ ഏറ്റവും വലിയ തെളിവ് ദൈവികമായതെല്ലാം അപ്രസക്തവും അയാഥാർത്ഥ്യവുമായി അവതരിക്കപ്പെടും എന്നതാണ്. തെറ്റിനെ നിസ്സാരവൽക്കരിക്കുന്നതും ദൈവവിശ്വാസത്തെ അന്ധവിശ്വാസമായി കാണുന്നതും ദൈവനിഷേധത്തെ ബൗദ്ധിക നവോത്ഥാനമായി ചിത്രീകരിക്കുന്നതും എല്ലാം ഇതിന് ഉദാഹരണങ്ങളാണ്. ആധുനിക ലോകത്ത് പല പ്രത്യയശാസ്ത്രങ്ങളിലൂടെയും പ്രകടമായിക്കൊണ്ടിരിക്കുന്ന ഈ ചിന്താഗതിയുടെ അപകടം പലരും മനസ്സിലാക്കുന്നില്ല. പിശാചിനെ കുറിച്ചുള്ള അജ്ഞതയാണ് ഇതിന്റെ പ്രധാന കാരണം. ഈ അജ്ഞതയിലേക്ക് വെളിച്ചം വീശുന്ന കുറച്ച് വസ്തുതകൾ വിശദീകരിക്കുവാനാണ് ഞാൻ ശ്രമിക്കുന്നത്.

**പിശാചിന്റെ ഉത്ഭവം** :മനുഷ്യമനസ്സിനെ എക്കാലവും ചിന്താക്കുഴപ്പത്തിലാക്കിയ സങ്കീർണ്ണമായ പ്രശ്നങ്ങളിലൊന്നാണ് പിശാച് എന്നത്. പിശാചിന്റെ ഉത്ഭവം മനുഷ്യന്റെ ചിന്താധാരയിൽ ഉത്തരംകിട്ടാത്ത ഒരു പ്രഹേളികയായി അവശേഷിക്കുന്നുണ്ട്. സർവ്വ നന്മയുടേയും ഉറവിടമായ ദൈവം തിന്മയുടെ മൂർത്തീഭാവമായ പിശാചിനെ സൃഷ്ടിച്ചു എന്നാണ് പലരും കരുതുന്നത്. എന്നാൽ മനോഹരമായ ദൈവത്തിന്റെ സൃഷ്ടി ദൈവത്തോടുള്ള മത്സരത്തിൽ പിശാചായി മാറുകയാണുണ്ടായത്. മറ്റൊരു ചോദ്യം: ദൈവം സർവ്വവ്യാപിയാണെങ്കിൽ പിശാച് ഉള്ളിടത്ത് ദൈവവും ഉണ്ടാകുമോ എന്നതാണ് മറ്റൊരു ചോദ്യം. ദൈവം പിശാചിനെ ദൈവത്തിന്റെ എതിരാളിയായി ചിത്രീകരിക്കുമ്പോൾ ഉണ്ടാകുന്ന യുക്തിരാഹിത്യമാണ് ഇത്തരം ചോദ്യങ്ങളുടെ ഉറവിടം. ആർക്കും ദൈവത്തിന് ഒരു എതിരാളിയാകാൻ സാധിക്കില്ല; പിശാചിനെ ഒരർത്ഥത്തിൽ മനുഷ്യന്റെ എതിരാളിയായി ചിത്രീകരിക്കാം. മനുഷ്യനെ സംബന്ധിക്കുന്ന ദൈവീക പദ്ധതികൾ തകിടംമറിച്ച് മനുഷ്യനെ നിത്യശൂന്യതയിലേക്ക് തള്ളിവിടാൻ പിശാച് ശ്രമിക്കുമെന്ന അർത്ഥത്തിലാണ് പിശാച് മനുഷ്യന്റെ എതിരാളിയാകുന്നത്.

അരിസ്റ്റോട്ടലിന്റെ കാര്യകാരണ സിദ്ധാന്തത്തിലൂടെ ഈ സമസ്യയ്ക്ക് ഒരു പരിഹാരം കണ്ടെത്താൻ ശ്രമിക്കാം. വസ്തുക്കളുടെയും വസ്തുവകകളുടെയും കാരണം ഗ്രഹിക്കുമ്പോഴാണ് അറിവ് പൂർണ്ണമാകുന്നത്. കാരണം അന്വേഷിച്ചു ചെല്ലുമ്പോഴാകട്ടെ നാല് ഉത്തരങ്ങളിൽ മനുഷ്യൻ ചെന്നെത്തും എന്നാണ് അരിസ്റ്റോട്ടിൽ പറഞ്ഞുവെക്കുന്നത്.

1) പദാർത്ഥ കാരണം: ഒരു വസ്തു നിർമ്മിക്കാൻ ഉപയോഗിച്ച പദാർത്ഥത്തെയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു മേശയാണെങ്കിൽ മരം അല്ലെങ്കിൽ ഫൈബർ ആണ് പദാർത്ഥ കാരണം. മനുഷ്യനാണെങ്കിൽ അവന്റെ ശരീരവും ആത്മാവും ആണ് പദാർത്ഥ കാരണം.

2) രൂപകാരണം: ഏതൊരു വസ്തുവും ആയിരിക്കുന്ന രൂപത്തെയാണ് രൂപ കാരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. നാലു കാലുകളും പരന്ന പ്രതലവും ചേർന്ന മേശയുടെ രൂപമാണ് അതിന്റെ രൂപകാരണം. ആത്മാവും ശരീരവും കൂടിച്ചേർന്ന് ഉണ്ടായ മനുഷ്യന്റെ വ്യക്തിത്വത്തിന്റെ ആകെ തുകയാണ് മനുഷ്യന്റെ രൂപകാരണം.

3) പ്രവർത്തക കാരണം: ഓരോ വസ്തുവും ആത്യന്തികമായി ഉണ്ടാകാൻ കാരണമായ ശക്തിയാണ് പ്രവർത്തക കാരണം. മേശയുടെ പ്രവർത്തക കാരണം അതുണ്ടാക്കിയ ആശാരിയാണ്; മനുഷ്യന്റേതാകട്ടെ ദൈവവും.

4) ലക്ഷ്യകാരണം: ഏത് ലക്ഷ്യത്തിനുവേണ്ടിയാണോ ഒരു വസ്തു നിർമ്മിക്കപ്പെട്ടത് അതാണ് അതിന്റെ ലക്ഷ്യകാരണം. ഉദാഹരണം ഭക്ഷണശാലയിലേക്ക് വേണ്ടി നിർമ്മിച്ച മേശ. മനുഷ്യന്റെ ലക്ഷ്യകാരണം ദൈവത്തിന്റെ മഹത്വം ആണ്.

പിശാചിനെ സംബന്ധിച്ച ഈ നാല് കാരണങ്ങൾ ഒന്ന് പരിശോധിക്കാം. പിശാചിന്റെ പദാർത്ഥ കാരണം ആത്മാവാണ്, രൂപകാരണം അവന്റെ വ്യക്തിത്വവും. പ്രവർത്തക കാരണം ദൈവവും, ലക്ഷ്യകാരണം ദൈവത്തിന്റെ മഹത്വവുമാണ്. മനുഷ്യനെയും പിശാചിനേയും സംബന്ധിച്ച് അവരുടെ രൂപകാരണത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന ഘടകമാണ് അവരുടെ ഇച്ഛാശക്തി എന്നത്. ഇച്ഛാശക്തിയുടെ ദുരുപയോഗം മൂലം പ്രവർത്തക കാരണമായ ദൈവം ആഗ്രഹിച്ച ലക്ഷ്യത്തിൽ നിന്ന് അവർ വ്യതിചലിച്ചു പോകുന്നു. അങ്ങനെ വ്യതിചലിച്ചുപോയ മനുഷ്യരും ദൂതന്മാരും ചെയ്യുന്ന കുൽസിത പ്രവർത്തികൾ ആണ് തിന്മകൾ. അതിനാൽ, പിശാചിന്റെയും മനുഷ്യരുടെയും പ്രവർത്തക കാരണം ദൈവം ആണെങ്കിൽപോലും തിന്മയുടെ കാരണക്കാരൻ ദൈവമാകുന്നില്ല.

**പിശാച് ക്രൈസ്തവ വീക്ഷണത്തിൽ**: എല്ലാ മതങ്ങളിലും പിശാച് എന്ന സങ്കല്പം ഉണ്ട്. ബ്ലാക്ക് മാസ് ഒരു ആരാധന മാർഗ്ഗം ആയി കൊണ്ടുനടക്കുന്ന സാത്താൻ ആരാധകർ എന്ന മതവിഭാഗം തന്നെ ഇതിന് ഒരു ഉദാഹരണമാണ്. ഏക ദൈവത്തെ ആരാധിക്കുന്നവർ എല്ലാവരും ഏകദൈവത്തെ ശരിയായ നിലയിൽ മനസിലാക്കിയിട്ടില്ല എന്നതുപോലെ വസ്തുതാപരമായി എല്ലാ മതങ്ങളും പിശാചിനെ മനസ്സിലാക്കിയിരിക്കുന്നത് ഒരുപോലെ ആകണമെന്നില്ല.

ശരീരത്തോടുകൂടി മാത്രം സൃഷ്ടിക്കപ്പെട്ടവരാണ് മൃഗങ്ങൾ. ശരീരത്താലും ആത്മാവിനാലും സൃഷ്ടിക്കപ്പെട്ടവരാണ് മനുഷ്യർ. ആത്മാവിനാൽ മാത്രം സൃഷ്ടിക്കപ്പെട്ടവരാണ് ദൂതന്മാർ. ശരീരമുള്ള ജീവികളിൽ ഏറ്റവും സങ്കീർണ്ണമായ സൃഷ്ടി മനുഷ്യനാണെങ്കിലും അദൃശ്യ ആത്മസൃഷ്ടികളിൽ ഏറ്റവും സങ്കീർണ്ണരായവരാണ് ദൂതന്മാർ. ബുദ്ധിയുടെയും ശക്തിയുടെയും കാര്യത്തിൽ ഒരു മനുഷ്യനും ദൂതനും തമ്മിൽ വളരെ അന്തരമുണ്ട്. മൗലീകവും തിരിച്ചെടുക്കാനാകാത്ത വിധം ദൈവത്തേയും അവിടുത്തെ ഭരണത്തേയും സ്വതന്ത്രമായി നിരാകരിച്ചതാണ് ഒരുകൂട്ടം ദൂതന്മാരുടെ പതനത്തിനു കാരണം. മരണശേഷം മനുഷ്യർക്ക് മനസ്താപം സാധ്യമല്ലാത്തതുപോലെ പതനശേഷം ദൂതന്മാർക്കും മനസ്താപം സാധ്യമല്ല. ഇവരെയാണ് പിശാചുക്കൾ എന്ന് നാം മനസ്സിലാക്കുന്നത്.

**പിശാചും പ്രലോഭനങ്ങളും**: മനുഷ്യനെ തിന്മയിലേക്ക് നയിക്കുന്ന മൂന്ന് തരം പ്രലോഭനങ്ങൾ ആണുള്ളത്. ലോകം, ജഡം, പിശാച് എന്നിവയാണവ. ലോകം അതിന്റെ എല്ലാവിധ സാധ്യതകളും തുറന്ന് പിശാചിനെക്കാൾ വലിയ തോതിൽ മനുഷ്യരെ പ്രലോഭിക്കാൻ കഴിയുന്ന ഒന്നായി ഇന്ന് മാറിയിട്ടുണ്ട്. പിശാചിന്റെ പ്രലോഭനങ്ങൾ ഇല്ല എന്ന് ഇത് അർത്ഥമാക്കുന്നില്ല. പിശാച് എന്നത് ഒരു വ്യക്തിയാണ് (person). വ്യക്തികളെല്ലാം മനുഷ്യനാണെന്ന് ധരിക്കരുത്; മനുഷ്യനെക്കാൾ ശക്തിയും കഴിവും അറിവും ഉള്ളവരാണ് ദൂതന്മാർ. ആ ഗണത്തിൽപ്പെട്ട ഒരു കൂട്ടം വ്യക്തികളാണ് പിശാചുക്കൾ. ഇവർക്ക് മനുഷ്യനേക്കാൾ കഴിവും ശക്തിയും അറിവും ഉണ്ടെങ്കിലും ഇവർക്ക് ദൈവത്തേക്കാൾ കഴിവോ ശക്തിയോ അറിവോ ഇല്ല. പിശാചിന്റെ കഴിവിനെപ്പറ്റി പറയുമ്പോൾ "demon cannot go beyond the limits set by God" എന്നാണ് പറയാറ്. അതായത് ഒരു സൃഷ്ടവ്യക്തി എന്ന നിലയ്ക്ക് പിശാചിന് ദൈവത്തെ തോൽപ്പിക്കാനാവില്ല. എന്നാൽ മനുഷ്യനെ സംബന്ധിക്കുന്ന ദൈവീക പദ്ധതികൾക്ക് എതിരായി പ്രവർത്തിക്കാൻ ദൈവം പിശാചിനെ അനുവദിച്ചിട്ടുണ്ട് എന്നതാണ് സത്യം! എന്തുകൊണ്ട് ദൈവം അങ്ങനെ അനുവദിച്ചു എന്നത്. അത് ദൈവത്തിനു മാത്രം അറിയാവുന്ന കാര്യമാണ്. കാരണം എന്താണെങ്കിലും മനുഷ്യനെ സംബന്ധിക്കുന്ന ദൈവിക പദ്ധതിയിൽ മനുഷ്യൻ നേരിടേണ്ട ഒന്നായി പിശാചിന്റെ സ്വാധീനത്തെ ദൈവം അനുവധിച്ചിട്ടുണ്ട് എന്നതാണ് വാസ്തവം. അങ്ങനെ അനുവദിച്ചതുകൊണ്ടാണ് ആദ്യ മാതാപിതാക്കളെ പ്രലോഭിപ്പിക്കാൻ പിശാചിന് സാധിച്ചത്. ആദ്യ മാതാപിതാക്കളുടെ പാപംമൂലം ആത്യന്തികമായി മനുഷ്യവംശം മുഴുവനും ദൈവത്തിന് എതിരായി ഒരു നിലപാട് എടുത്തു. പ്രലോഭനത്താലോ അല്ലെങ്കിൽ മുകളിൽ പറഞ്ഞ ഏതെങ്കിലും കാരണത്താലോ ദൈവത്തിനെതിരെ പ്രവർത്തിക്കുന്നവർ പിശാച് എടുത്ത നിലപാടിന് സമാനമായ നിലപാടാണ് എടുക്കുന്നത്. അതിനാൽ പാപം ചെയ്യുമ്പോൾ നമ്മളും പിശാചിന്റെ അടിമത്തത്തിൽ ആണെന്ന് അറിഞ്ഞിരിക്കണം.

പിശാചിന് മനുഷ്യരുടെ മേലുള്ള മേധാവിത്വത്തെ "തത്വത്തിൽ" പരാജയപ്പെടുത്തുന്നതാണ് ക്രിസ്തുവിന്റെ കുരിശുമരണം. ദൈവത്തോടുള്ള ബന്ധം പുനഃസ്ഥാപിക്കുവാൻ ക്രിസ്തുവിന്റെ കുരിശുമരണം മുഖേന നമുക്ക് അവസരമൊരുങ്ങി. ക്രിസ്തുവിലൂടെ രക്ഷ കരഗതമാക്കിയവർ പിശാചിന്റെ അടിമത്തത്തിൽ അല്ല. ഇതിനെ വ്യാഖ്യാനിക്കേണ്ടത് "പിശാചിന് സ്വീധീനിക്കാൻ കഴിയാത്തവർ" എന്ന അർത്ഥത്തിലല്ല, മറിച്ച് പിശാച് എടുത്ത നിലപാടിൽ നിന്ന് വ്യത്യസ്തമായ ഒരു നിലപാട് എടുത്ത് ദൈവത്തോട് ചേർന്ന് നിൽക്കുന്നവർ എന്ന അർത്ഥത്തിലാണ്. പിശാചിന് മനുഷ്യരുടെമേൽ പ്രവർത്തിക്കാൻ (ദൈവം അനുവദിച്ചാൽ) സാധിക്കും. പ്രലോഭനം മാത്രമല്ല നശീകരണ പ്രവർത്തനങ്ങൾ നടത്താനും പിശാചിനു സാധിക്കും. അന്ത്യവിധിയിൽ ആണ് ദൈവം പിശാചിനെ പൂർണ്ണമായും പരാജയപ്പെടുത്തുന്നത്. അന്ത്യവിധി വരെയും ദൈവം അനുവദിക്കുന്നപക്ഷം പിശാച് മനുഷ്യരുടെമേൽ പ്രവർത്തിക്കും.

**പിശാചിനെ സംബന്ധിച്ച അബദ്ധധാരണകൾ:**

1) പിശാച് ഇല്ല എന്ന വാദം നൂതന ദൈവശാസ്ത്ര തത്വചിന്തകരുടെ ഇടയിൽ പ്രബലമാണ്. ഇതൊരു പാഷണ്ഡതയാണ്.

2) എന്തിലും ഏതിലും പിശാചിനെ ഒരു കാരണമായി കാണുന്നു. രോഗം, അപകടം, മരണം, സാമ്പത്തിക നഷ്ടം, ശത്രുക്കളുടെ വിജയം തുടങ്ങി എന്തിനും ഏതിനും കാരണം പിശാചിന്റെ സ്വാധീനം ആണെന്ന് വാദിക്കുന്നത് ഒരു അബദ്ധചിന്തയാണ്. ഇതര മനുഷ്യരുടെ സ്വാധീനവും നമ്മുടെ കഴിവുകേടും ഇതിലെ ഒരു മുഖ്യഘടകമാണ്. ഇത് മറച്ചുവയ്ക്കാൻ പിശാചിനെ പഴിചാരുന്നത് ശരിയല്ല.

3) പിശാചിനെ ദൈവമായി കണ്ട് ആരാധിക്കുന്നു. പിശാചിനെ ദൈവമായിക്കണ്ട് ആരാധിച്ചാൽ ആവശ്യങ്ങളെല്ലാം നടന്നുകിട്ടും എന്ന തെറ്റിദ്ധാരണയാണ് വാദത്തിന് കാരണം. ഒരു കുറുക്കുവഴി എന്ന നിലയ്ക്കാണ് ബ്ലാക്ക് മാസിനെ പലരും ആദ്യം സമീപിക്കുന്നത്. നുണയനും ചതിയനും വഞ്ചകനുമായ പിശാച് തന്നെ സമീപിക്കുന്നവരെ തിരിച്ച് ആക്രമിക്കുമെന്ന് അവർ വൈകിയാകും മനസ്സിലാക്കുന്നത്.

4) പിശാചിനുമേൽ ക്രിസ്തു നേടിയ വിജയത്തെ ഇകഴ്ത്തി കാട്ടുന്നതാണ് നാലാമത്തെ അബദ്ധധാരണ. പിശാചിനോട് അകാരണമായ ഭയം ജനിപ്പിക്കുന്നതിന് ഇത് കാരണമാകുന്നു. ദൈവവഴിയിൽ ആയിരിക്കുന്നവൻ ദൈവകരങ്ങളിൽ സുരക്ഷിതരാണ്. ഒരുവന്റെ അറിവോ, സമ്മതമോ ഇല്ലാതെ ഒരുവന് ലഭിച്ച രക്ഷ പിശാച് വിചാരിച്ചാൽ നഷ്ടപ്പെടില്ല. നഷ്ടപ്പെടുത്താൻ പിശാച് ചിലപ്പോൾ പ്രലോഭിപ്പിക്കും എന്നുമാത്രം.

അറിയേണ്ട വസ്തുതകൾ: പിശാച് ഉണ്ട്. ദൈവം സൃഷ്ടിച്ച ദൂതന്മാർ അവരുടെ ഇച്ഛാശക്തിയുടെ ദുരുപയോഗം മൂലം ദൈവത്തെ എതിർത്തപ്പോഴാണ് പിശാചുക്കളായി തീർന്നത്. ദൈവത്തെ എതിർത്ത് പ്രവർത്തിക്കുന്ന മനുഷ്യനും പിശാചിന് സമാനമായ സ്വഭാവം കാണിക്കുന്നവരാണ്. പിശാചിന് മനുഷ്യനെ സ്വാധീനിക്കാൻ സാധിക്കും. എന്നാൽ മനുഷ്യന്റെ എല്ലാ ദുരവസ്ഥയുടെയും കാരണം പിശാചല്ല. പിശാചിന് മേൽ വിജയം വരിച്ച ക്രിസ്തുവിനെ ഉള്ളിൽ സ്വീകരിച്ച് അവിടുത്തെ അനുഗമിക്കുന്നവർ ദൈവമക്കൾ ആണ്. ദൈവം അനുവദിക്കാതെ പിശാചിന് അവരെ തൊടാൻ കഴിയില്ല.

'സത്യം മാത്രം വിശ്വസിക്കുകയും നിത്യമായതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നവരാകണം ക്രിസ്ത്യാനികൾ'

WEBSITE vedahimani.com
FACE BOOK vedahimani
MAIL vedahimani@gmail.com
YouTube vedabhimani

VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Oct: 2021 at RMS Kayamkulam
Published on Ist Oct: 2021
RNI Registered No. KERMAL/2002/7361



## കാണാം... അടുത്തലക്കത്തിൽ

**അറിഞ്ഞിട്ടും അറിയാതെയും പറയാതെയുമിരിക്കുന്ന അറിയേണ്ടതും നിങ്ങൾ അറിഞ്ഞിട്ടില്ലാത്തതും ആർക്കും നിഷേധിക്കാനാവാത്തതുമായ തിരുവചനസത്യങ്ങൾ നിർഭയം ഞങ്ങൾ വെളിപ്പെടുത്തുന്നു.**

**ദൈവം പറയാത്തതു പറയുകയും, ചെയ്യരുതെന്ന് പറഞ്ഞത് ചെയ്യുകയും, ചെയ്യേണ്ടതിനെ ചെയ്യാതിരിക്കുകയും, പോകരുതെന്നു പറഞ്ഞവഴിയിൽ പോകുകയും ചെയ്യുന്നവരെ ഒരു വാക്കുകൊണ്ടെങ്കിലും അതിൽ നിന്നു പിൻതിരിപ്പിക്കാനാഗ്രഹിക്കുന്ന ദൈവത്തിന്റെ കഴുതകളാകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.**

# ഹൃദയത്തിന്റെ തെറ്റായ ചിത്രം

ഐക്യരാഷ്ട്ര സംഘടന (യു.എൻ)യുടെ കരുത്തനായ സെക്രട്ടറി ജനറലായിരുന്നു ഡാഗ് ഹാമർ ഷോൾഡ്. അദ്ദേഹത്തിന് ഔദ്യോഗിക ആവശ്യത്തിന്റെ ഭാഗമായി ആഫ്രിക്കയിലെ സാംബിയായിലേക്കു പോകേണ്ടിവന്നു.

യു.എൻ.സെക്രട്ടറി ജനറലിനേയും വഹിച്ചുകൊണ്ടു വിമാനം ഉയർന്നുപൊങ്ങി. സാംബിയായിലെ 'നടോള' എന്ന സ്ഥലത്തേക്കായിരുന്നു പോകേണ്ടിയിരുന്നത്. നടോളയിൽ വിമാനം ലാൻഡുചെയ്യുമെന്നും അവിടെ നിന്നു ഹാമർ ഷോൾഡ് നിർദ്ദിഷ്ട സ്ഥലത്തേക്കു കാർ മാർഗ്ഗം യാത്ര ചെയ്തുകൊള്ളുമെന്നുമായിരുന്നു പൈലറ്റിനു നൽകിയിരുന്ന നിർദ്ദേശം.





പക്ഷേ മണിക്കൂറുകൾ പലതു പിന്നിട്ടിട്ടും യു.എൻ. സെക്രട്ടറി ജനറലിന്റെ വിമാനം നടോളയിൽ എത്തിയില്ല. അദ്ദേഹത്തെ സ്വീകരിക്കാൻ അവിടെ കാത്തുനിന്നവർ നിരാശരായി മടങ്ങി.

വിവരം ഒന്നും ലഭിക്കാതെവന്നപ്പോൾ വിമാനത്തിനു വേണ്ടിയുള്ള തിരച്ചിൽ ആരംഭിച്ചു. ഒടുവിൽ നടോളയിൽ നിന്നും ഏറെ അകലെ കോംഗോയിൽ നടോളോ എന്ന പ്രദേശത്തെ തുറസായ ഒരു സ്ഥലത്തു വിമാനത്തിന്റെ അവശിഷ്ടങ്ങളാണു തിരച്ചിൽ സംഘത്തിനു കണ്ടെത്താൻ കഴിഞ്ഞത്. ഹാമർഷോൾഡും പൈലറ്റും ആ വിമാനദുരന്തത്തിൽ ദാരുണമായി മരിച്ചു.

യു.എൻ.സെക്രട്ടറി ജനറലിന്റെ മരണകാരണം കണ്ടെത്താൻ വിദഗ്ധസംഘം അന്വേഷണം ആരംഭിച്ചു. ഒടുവിൽ വിമാനാവശിഷ്ടങ്ങൾക്കിടയിൽ നിന്ന് അവർ പൈലറ്റ് അടയാളപ്പെടുത്തിയ ഭൂപടം കേടുകൂടാതെ കണ്ടെടുത്തു. അതിൽ 'നടോള' എന്നതിനു പകരം 'നടോളോ' എന്ന സ്ഥലമായിരുന്നു പൈലറ്റ് അടയാളപ്പെടുത്തിയിരുന്നത്. നടോള സാംബിയായിലും നടോളോ കോംഗോയിലുമായിരുന്നു. പൈലറ്റ് നടോളയെ നടോളോ എന്നു തെറ്റിദ്ധരിച്ച് കൊണ്ടിറക്കിയത് വിമാനത്താവളമല്ലാത്ത തുറസ്സായ സ്ഥലത്ത്! ലാൻഡിങ്ങിലെ പിഴവു മൂലം വിമാനം കത്തിക്കരിഞ്ഞു-യു.എൻ.സെക്രട്ടറി ജനറലും പൈലറ്റും കൊല്ലപ്പെട്ടു! ഒരു നേരിയ അക്ഷരത്തെറ്റു വരുത്തിയ വലിയ ദുരന്തമായി ഈ സംഭവം ചരിത്രത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു!

പലർക്കും തങ്ങളെക്കുറിച്ചുതന്നെ തെറ്റായ ഒരു ഭൂപടമാണ് (map) മനസ്സിലുള്ളത്. ഫലം അവർ തെറ്റായ സ്ഥലത്തുചെന്നിറങ്ങുന്നു. ജീവിതം തന്നെ തകർന്നുപോകുന്നു! സുഹൃത്തേ, താങ്കളുടെ മനസ്സിൽ താങ്കളുടെ ജീവിതലക്ഷ്യത്തെക്കുറിച്ചുള്ള ചിത്രം എന്താണ്? "സ്വന്ത ഹൃദയത്തിൽ ആശ്രയിക്കുന്നവൻ മൂഢൻ... യഹോവയിൽ ആശ്രയിക്കുന്നുവനോ പുഷ്ടി പ്രാപിക്കും'' (സദൃ.28:25,26)

# വായ്പ കൊടുത്താൽ



ഒരു പിതാവ് മകന് 10 രൂപ കൊടുത്തിട്ട് ഏതെങ്കിലും നല്ല കാര്യത്തിന് പ്രയോജനപ്രദമായി ഉപയോഗിച്ചുകൊള്ളാൻ പറഞ്ഞു. മകൻ അതുമായി പോകുമ്പോൾ വിശന്നു വലഞ്ഞ ഒരുവനെ കണ്ടു. അവൻ അതു അയാൾക്ക് നൽകി. മകൻ വീട്ടിൽ വന്നപ്പോൾ പിതാവ് അവനെ വിളിച്ചു പണം എന്തു ചെയ്തു എന്നന്വേഷിച്ചു.

"ഞാൻ അത് ഒരു എളിയവനു വായ്പയായി കൊടുത്തു" എന്നായിരുന്നു മകന്റെ മറുപടി. ലോകപരിചയവും അറിവും കൂടുതലുള്ള പിതാവിന് അതു കേട്ടപ്പോൾ അരിശമാണ് വന്നത്: "വായ്പ കൊടുക്കുമ്പോൾ എപ്പോഴും അതു തിരിച്ചുതരാൻ പ്രാപ്തിയുള്ളവനേ കൊടുക്കാവൂ. എളിയവനു കൊടുത്താൽ അതു തിരിച്ചു കിട്ടുമോ? വെറുതെ ആ രൂപ നഷ്ടമാക്കി''-പിതാവു പറഞ്ഞു. മകൻ ഉടനെ തന്റെ ബൈബിൾ തുറന്നു സദൃശവാക്യങ്ങൾ 19 ന്റെ 17 വായിച്ചു കേൾപ്പിച്ചു-'എളിയവനോടു കൃപകാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു. അവൻ ചെയ്ത നന്മയ്ക്ക് അവൻ പകരം കൊടുക്കും'. ഇതുകേട്ട് സന്തുഷ്ടനായ പിതാവ് ഉടനെ പേഴ്സു തുറന്നു മകനു 10 രൂപ സമ്മാനമായി കൊടുത്തു. പണം വാങ്ങി സന്തോഷത്തോടെ നടന്നു നീങ്ങുമ്പോൾ മകന്റെ കമന്റ് ഇങ്ങനെയായിരുന്നു: "യഹോവയ്ക്കു വായ്പ കൊടുത്താൽ ഇത്ര വേഗം മടക്കി കിട്ടുമെന്നു ഞാൻ പ്രതീക്ഷച്ചില്ല". 'വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതു ലാഭം' (അ.പ്ര.20:35).

# ഉറക്കം

ഒടുവിലത്തെ ഉറക്കത്തിന്
കാവൽസൈനികരില്ല,
ശീതീകരിച്ച മുറിയും
കറങ്ങുന്ന പങ്കയും
അലങ്കരിച്ച കിടക്കയുമില്ല.
ശ്മശാനത്തിലെ
മൺക്കോട്ടകളെ
ശത്രുസൈന്യങ്ങൾ
പതിയിരുന്നാക്രമിക്കില്ല.
സ്വപ്നങ്ങൾ കുഴിച്ചുമൂടപ്പെട്ട
ഇടങ്ങളിലേക്ക് അധികമാരും
വന്നെത്താറുമില്ല.
ശാശ്വതസത്യമെന്ന്
മരണത്തെ വാഴ്ത്തിയ
കവികൾപോലും
പ്രേതഭൂമിയെ പ്രണയിക്കാറില്ല.
ഇവിടമാണാത്മവിദ്യാലയം
എന്നു പാടിയവർപോലും
ശ്മശാനത്തിലെപ്പൂവിനെ
മണക്കാറില്ല.
ആകാശത്തിൽ കോട്ടപണിയാൻ
കൊതിച്ചവരാണ്
ആറടിമണ്ണിൽ
മറ്റാരോ പണിത മണൽക്കൂനയിൽ
ഉറങ്ങുന്നത്.
ഒടുവിലത്തെ ഉറത്തിൽനിന്ന്
ആരും വിളിച്ചുണർത്തുന്നില്ല.
ഭിക്ഷാടകന്റെയും പ്രഭുവിന്റെയും
മൺക്കൂന നോക്കി
സത്യം പഠിക്കണമെങ്കിൽ
മരിച്ചുജനിച്ചവനായി ഭൂമിയിൽ
ജീവിക്കണം.






☺ ആത്മീയനേതൃത്വവും രാഷ്ട്രീയ നേതൃത്വവും തമ്മിലുള്ള വ്യത്യാസം?

ജെ.ദാനിയേൽ,തെക്കേമല,കോഴഞ്ചേരി,പത്തനംതിട്ട

☹ ***ആത്മീയനേതൃത്വം തൊഴിലുറപ്പു പദ്ധതിയാണ്. വെറുതെ ആളുകളെ പറ്റിച്ച് പണമുണ്ടാക്കാം. രാഷ്ട്രീയ നേതൃത്വം ലോട്ടറിയാണ്. ഭാഗ്യനിർഭാഗ്യങ്ങൾ മാറിമറിയാം.***

☺ഓണം-മുഹറം-ചന്ത എന്നു കേൾക്കുന്നു. എന്താണത്?

മോൻസി തോമസ്, ക്രൈസ്റ്റ്നഗർ,കരകുളം,തിരുവനന്തപുരം

☹***അതൊരു മതേതരചന്തയാണ്.***

☺ ആരാധനാലയങ്ങളുടെ അധോഗതിക്കു കാരണം?

മോനാമ്മ സാം, തെങ്ങേൽ, കുറ്റൂർ, തിരുവല്ല

☹***പ്രവർത്തിദോഷം***

☺ദാരിദ്ര്യം മൂലമുള്ള ഭിക്ഷാടനം നിരോധിക്കാനാവില്ലെന്ന് കോടതി. എന്നാൽ നമ്മുടെയിടയിൽ ദാരിദ്ര്യം ഇല്ലാത്തവർ പിരിവിന് ഇറങ്ങുന്നു. ഇത് നിരോധിക്കേണ്ടതല്ലേ?

ഷൈജു ജോൺ, മുളകരമേട്, ആനപ്പാടി, കട്ടപ്പന

☹***പിരിവിനു പിന്നിൽ മിക്കതും സ്വാധീനമുള്ള ദരിദ്രവാസികളാണ്***

☺ആത്മീയ സമൂഹത്തിൽ ആത്മീയന് സംഭവിച്ചത്?

ജോമോൻ ജോസഫ്, കുമ്പളം, പെരിയം, കുണ്ടറ

☹***ചാവേറാകാൻ വന്നവൻ ചവറായി***

☺കോവിഡ് ഇനിയും ശക്തിപ്രാപിച്ചാൽ തലയിണ മുഖത്തുവച്ച് കെട്ടേണ്ടിവരുമോ?

ഫേബാ ചെറിയാൻ, പുതുക്കാട്, ചവറ, കൊല്ലം

☹***സാനിറ്റൈസറും, സോപ്പും, പഞ്ഞിയും നിറച്ച കിറ്റ് റേഷൻകട വഴി തരും. അത് തലവഴി മൂടേണ്ടിവരും***

☺ധാർമ്മികതയല്ലേ നാം ഉയർത്തിപ്പിടിക്കേണ്ടത്?

സൂസൻകോശി, ആര്യനാട്, നെയ്യാറ്റിൻകര, തിരുവനന്തപുരം

☹***സത്യം ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുമ്പോൾ ധാർമ്മികത വഴിയെ വന്നോളും***

☺ഒരാളെ പരിചയപ്പെടുമ്പോൾ എന്തു ചെയ്യുന്നു എന്ന് ചോദിക്കാറുണ്ട്. ഈ ചോദ്യം പരിചയപ്പെടലിന് അനിവാര്യമാണോ?

എമിലി സൈമൺ, ചെറുകോട്, മുളയറ, തിരുവനന്തപുരം

☹***ഇവിടെ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്നറിയാനുള്ള ആകാംക്ഷയിൽ നിന്നുരിത്തിരിയുന്ന ചോദ്യമാണിത്.***




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally